# സോപാനം

ഇൻഫർമേഷൻ കേരളാ മിഷൻ വാർത്താപത്രിക

[പ്രത്യേകപതിപ്പ്
ഫെബ്രുവരി 2011]



# അതിവേഗ സേവനം വിരൽത്തുമ്പിൽ...




**www.cr.lsgkerala.gov.in**

## ജനന–മരണ–വിവാഹ
## സർട്ടിഫിക്കറ്റുകൾ വെബ്സൈറ്റിലൂടെ...

- തദ്ദേശഭരണ സ്ഥാപനത്തിൽ പോകാതെ
- സർട്ടിഫിക്കറ്റുകൾ വെബ്സൈറ്റിലൂടെ ലഭിക്കുന്നു
- സെക്യൂരിറ്റി സംവിധാനം
- വ്യാജ സർട്ടിഫിക്കറ്റുകൾ ഇല്ലാതായി
- സാധുത പരിശോധിക്കാൻ സൗകര്യം
- വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് പ്രത്യേകം അംഗീകരിച്ചത്

പത്രാധിപസമിതി
പ്രൊഫ. എം കെ പ്രസാദ്
എ ഷാജി
പ്രേംകുമാർ കെ
ടി പി സുധാകരൻ
സഞ്ജീവ് എസ് യു
ഗിരിജ കെ

ചീഫ് എഡിറ്റർ
പ്രൊഫ. എം കെ പ്രസാദ്

എഡിറ്റർ
ടി പി സുധാകരൻ

ഡിസൈൻ & ലേഔട്ട്
സോളാർ പ്രിന്റേഴ്സ്


ടൈപ്പ് സെറ്റിംഗ്
രാജഗോപാലൻ പി ജി

മുഖചിത്രം
ഗോപകുമാർ ടി

വിലാസം:
എഡിറ്റർ, സോപാനം
ഇൻഫർമേഷൻ കേരള മിഷൻ
പ്രതീക്ഷ, പാങ്ങപ്പാറ പി ഒ
തിരുവനന്തപുരം 695581
www.infokerala.org

## ഉള്ളടക്കം

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല, അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും



## ചീഫ് എഡിറ്റർ

സോപാനത്തിന് ഒരു പ്രത്യേക പതിപ്പ് പുറത്തിറക്കുന്നതിൽ അഭിമാനവും അതിലേറെ സന്തോഷവും ഉണ്ട്. തദ്ദേശഭരണസ്ഥാപനങ്ങളുടെ കമ്പ്യൂട്ടർവൽക്കരണത്തിനായി രൂപീകരിച്ച ഇൻഫർമേഷൻ കേരളമിഷന്റെ പ്രവർത്തനങ്ങൾ തദ്ദേശഭരണസ്ഥാപനങ്ങളുടെ ഇ ഗവേണൻസ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിലേയ്ക്ക് വളർന്നിരിക്കുന്നു. തദ്ദേശഭരണ സാരഥികളുടേയും ജീവനക്കാരുടേയും ഐ കെ എം ജീവനക്കാരുടേയും കൂട്ടായ്മയും അതോടൊപ്പം സംസ്ഥാനസർക്കാരിന്റെ ശക്തമായ നേതൃത്വവും കൊണ്ടാണ് ഇത് സാധിച്ചത്.

മൂന്നു പഞ്ചായത്തുകളൊഴികെ എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളുടേയും കമ്പ്യൂട്ടർ സംവിധാനം, എർത്തിങ്, നെറ്റ്വർക്കിംഗ്, തുടങ്ങിയ ഭൗതികസൗകര്യങ്ങൾ പൂർത്തീകരിച്ചു. ജനനമരണവിവാഹ രജിസ്ട്രേഷൻ, ശമ്പള വിവരങ്ങൾ, പദ്ധതി രൂപീകരണം, അംഗീകാരം ചെലവ് വിവരങ്ങൾ, സാമൂഹ്യക്ഷേമപെൻഷൻ വിതരണം, ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ തുടങ്ങിയ പല പ്രവർത്തനങ്ങളും ഇപ്പോൾ വിവിധ ആപ്ലിക്കേഷൻ സോഫ്റ്റ്വെയർ ഉപയോഗിച്ചാണ് നടത്തുന്നത്. ജീവനക്കാരുടെ ജോലിഭാരം കുറയുക മാത്രമല്ല ഈ സേവനങ്ങൾ ജനങ്ങൾക്ക് വേഗത്തിൽ ലഭിക്കുന്നതിനും ഇത് സഹായിക്കുന്നു. ആശുപത്രി കിയോസ്ക് സംവിധാനം വഴി ജനന മരണ സർട്ടിഫിക്കറ്റുകൾ നൽകുന്നതും ജനങ്ങൾക്ക് വളരെ ആശ്വാസകരമായി മാറി

മേൽ പറഞ്ഞ സേവനങ്ങൾ എല്ലാം തന്നെ വെബ്സൈറ്റ് വഴി നൽകാൻ തുടങ്ങിയതോടെ ഇത്തരം കാര്യങ്ങൾക്ക് വേണ്ടി പഞ്ചായത്ത് മുനിസിപ്പൽ കോർപ്പറേഷൻ ഓഫീസുകളിലേക്ക് പോകാതെതന്നെ പൊതുജനങ്ങൾക്ക് സേവനങ്ങൾ ലഭിക്കുന്ന സ്ഥിതി വന്നു. പണമൊടുക്കുന്നതിന് ഇ പേയ്മെന്റ് സംവിധാനവും തയ്യാറായി കഴിഞ്ഞു. ഇതോടെ നമ്മുടെ തദ്ദേശഭരണസ്ഥാപനങ്ങൾ ഐ ടി അധിഷ്ഠിത സദ്ഭരണം കാഴ്ച വെക്കാൻ തുടങ്ങിക്കഴിഞ്ഞു. ഈ പ്രവർത്തനങ്ങൾ ദേശീയ തലത്തിലും അന്തർദ്ദേശീയതലത്തിലും അംഗീകരിക്കപ്പെടുന്നു എന്നുള്ളതും ശ്രദ്ധേയമാണ്.

കൂടുതൽ സേവനങ്ങൾ ഇത്തരത്തിൽ ലഭ്യമാക്കുന്നതിനും ഇവ സമയബന്ധിതമായി നിറവേറ്റാൻ കഴിയുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയുമാണ് ഇനി പ്രധാനം. കൂടാതെ ഭൗതികസൗകര്യങ്ങളുടെ സംരക്ഷണവും പരിപാലനവും പ്രധാനമാണ്. മുൻകാലവിവരങ്ങളുടെ കമ്പ്യൂട്ടർവൽക്കരണം സമയബന്ധിതമായി പൂർത്തീകരിച്ചാൽ മാത്രമേ പരമാവധി സേവനങ്ങൾ ജനങ്ങളിൽ നമുക്ക് എത്തിക്കാൻ കഴിയൂ. കമ്പ്യൂട്ടർവൽകൃത സേവനങ്ങൾ സുസ്ഥിരമായി പരിപാലിക്കുന്നതിനും സാങ്കേതികസഹായം ഉറപ്പുവരുത്തുന്നതിനും തദ്ദേശഭരണസ്ഥാപനങ്ങൾ പ്രത്യേകമായി ശ്രദ്ധിക്കേണ്ടതുണ്ട്. അതോടൊപ്പം ഈ സേവനങ്ങൾ കൃത്യമായി ലഭ്യമാക്കുന്നതിനുള്ള ബാധ്യത ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കുമാണ്. അത് അവർ നിറവേറ്റുകയും വേണം. ഇത്തരത്തിൽ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ഐ ടി അധിഷ്ഠിത തദ്ദേശഭരണം നമുക്ക് യാഥാർത്ഥ്യമാക്കാം



വി. എസ്. അച്യുതാനന്ദൻ

ഇൻഫർമേഷൻ കേരള മിഷന്റെ പ്രസിദ്ധീകരണമായ സോപാനം പ്രത്യേത പതിപ്പ് പുറത്തിറക്കുന്നുവെന്നറിയുന്നതിൽ സന്തോഷം.
തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഇ-ഗവേണൻസ് ദൗത്യം ഏറ്റെടുത്ത് പ്രവർത്തനം തുടങ്ങിയ ഐ.കെ.എം ഏറെ ഉത്തരവാദിത്തത്തോടെയും പൊതു ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിലും നടത്തിവരുന്ന പ്രവർത്തനങ്ങൾ ശ്രദ്ധേ യമാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾവഴി നൽകിവരുന്ന സേവനങ്ങൾ വേഗ ത്തിലും സുതാര്യതയോടെയും ലഭ്യമാക്കാൻ ഇതിനകം കഴിഞ്ഞിട്ടുണ്ട്.
മികവുറ്റ പ്രവർത്തനത്തിലുടെ ഈ മേഖലയിൽ രാജ്യത്തിനാകെ മാതൃകയാകാൻ ഐ.കെ.എമ്മിന് കഴിഞ്ഞു.

വിജയാശംസകൾ

ഐ.കെ.എം




പാലൊളി മുഹമ്മദ്കുട്ടി

ഇൻഫർമേഷൻ കേരള മിഷന്റെ പ്രസിദ്ധീകരണമായ സോപാനം ഒരു പ്രത്യേക പതിപ്പ് പുറത്തിറക്കുന്നു എന്നറിഞ്ഞതിൽ വളരെയേറെ സന്തോഷിക്കുന്നു.

തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും പൊതുജനങ്ങൾക്ക് കിട്ടുന്ന സേവനങ്ങൾ ചിട്ടയോടെയും വേഗതയിലും സമയബന്ധിതമായും നൽകുന്നതിന് വിവരസാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുകയാണ് ഐ.കെ.എം പ്രവർത്തനങ്ങളിലൂടെ സർക്കാർ ഉദ്ദേശിക്കുന്നത്. ഈ ലക്ഷ്യത്തിന്റെ പ്രാധന്യം കണ്ടറിഞ്ഞുള്ള ഐ.കെ.എമ്മിന്റെ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. ജനന-മരണ-വിവാഹ സർട്ടിഫിക്കറ്റുകൾ, പെൻഷൻ വിവരങ്ങൾ തുടങ്ങിയ വെബ്സൈറ്റ് വഴി ലഭ്യമാക്കൽ, പെതുജനങ്ങൾക്ക് ഇ-പെയ്മെന്റ് വഴി പണം അടയ്ക്കാനുള്ള സൗകര്യം എന്നിവ ഇതിൽ എടുത്തു പറയേണ്ടതാണ്.

തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും ഇനിയും മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള സാങ്കേതിക സഹായങ്ങൾ നൽക്കുന്നതിന് ഐ.കെ.എമ്മിൻ കഴിയട്ടെ എന്ന് ആശംസിക്കുന്നു.

എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ
ഇൻഫർമേഷൻ കേരള മിഷൻ



ഉമ്മൻ ചാണ്ടി

ഇൻഫർമേഷൻ കേരള മിഷന്റെ പ്രസിദ്ധീകരണമായ 'സോപാന'ത്തിന്റെ ഒരു പ്രത്യേക പതിപ്പ് പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷിക്കുന്നു.

പൊതു സമൂഹത്തിന് നിത്യജീവിതത്തിൽ ആവശ്യം വേണ്ടുന്ന സേവനങ്ങൾ കാലതാമസം കൂടാതെ കൃത്യതയോടും ലഭ്യമാക്കുന്നതിന് ഇൻഫർമേഷൻ മിഷന്റെ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രാവർത്തികമാക്കുക വഴി വളരെയേറെ സഹായകരമായിട്ടുണ്ട് എന്നത് അഭിമാനകരമായ നേട്ടം തന്നെയാണ്.

ഇനിയും കൂടുതൽ മെച്ചപ്പെട്ട സേവനങ്ങൾ നൽകാൻ ഇൻഫർമേഷൻ കേരള മിഷന്റെ പ്രവർത്തനങ്ങളിലൂടെ സാധ്യമാകട്ടെ എന്ന് ആശംസിക്കുന്നു.

ഇക്സിക്യൂട്ടീവ് ചെയർമാൻ& ഡയറക്ടർ
ഇൻഫർമേഷൻ കേരള മിഷൻ
തിരുവനന്തപുരം

# തദ്ദേശഭരണ സ്ഥാപനങ്ങളിലെ കമ്പ്യൂട്ടർ വൽക്കരണം

പ്രൊഫ. പി കെ രവീന്ദ്രൻ

പൊതുജനങ്ങൾക്ക് ഏറ്റവും കൂടുതൽ സേവനങ്ങൾ നൽകുന്നത് തദ്ദേശഭരണ സ്ഥാപനങ്ങളാണ്. സർട്ടിഫിക്കറ്റുകൾ, പെർമിറ്റുകൾ, ലൈസൻസുകൾ എന്നിങ്ങനെ ദൈനംദിന ജീവിതത്തിൽ ആവശ്യമായ ഒട്ടുമിക്ക സേവനങ്ങൾക്കും പഞ്ചായത്തുകളെയും നഗര സഭകളെയും ആശ്രയിക്കേി വരുന്നു്. എന്നു ജനിച്ചു എന്നിതിന്റെ തെളിവായ ജനന സർട്ടിഫിക്കറ്റ്, എവിടെ താമസിക്കുന്നു എന്നതിന്റെ തെളിയായ റസിഡൻസ് സർട്ടിഫിക്കറ്റ് എന്നിങ്ങനെ നിരവധി സർട്ടിഫിക്കറ്റുകൾ നൽകാൻ പഞ്ചായത്തുകളും നഗരസഭകളും ബാധ്യസ്ഥമാണ്. ഇത്തരമൊരുസർട്ടിഫിക്കറ്റിനായി പഞ്ചായത്തിലോ മുനിസിപ്പാലിറ്റിയിലോ ചെയ്യുന്ന ഒരാളുടെ അവസ്ഥ ആലോചിച്ചു നോക്കൂ. ബന്ധപ്പെട്ട രജിസ്റ്റർ തപ്പിയെടുത്ത് അതിനകത്തു നിന്ന് വിവരം തേടിയെടുത്തു നൽകാൻ ദിവസങ്ങളെടുക്കും. സംവിധാനത്തിന്റെ ദൗർബല്യമാണിതിനു പ്രധാന കാരണം. ചിട്ടയായ ഒരു വിവരശേഖരം വിരൽ തുമ്പിൽ ലഭ്യമാണെങ്കിൽ ഇക്കാര്യങ്ങൾ എളുപ്പം സാധിക്കുന്നതാണ്. എളുപ്പം ജോലി നിർവ്വഹിച്ചതിന്റെ സംതൃപ്തി ഉദ്യോഗസ്ഥനും സമയ നഷ്ടമില്ലാതെ സേവനം ലഭിച്ചതിന്റെ സംതൃപ്തി ജനങ്ങൾക്കും ലഭ്യമാകുന്നു. ഇത് തദ്ദേശസ്വയംഭരണ സ്ഥാപനത്തെക്കുറിച്ചുള്ള ധാരണകളിൽ മാറ്റം വരുത്താനും ജനകീയസമ്മതി നേടാനും കാരണമാകുന്നു.



പഞ്ചായത്തുകളുടെയും നഗരസഭകളുടെയും പ്രവർത്തനങ്ങൾ കമ്പ്യൂട്ടർവൽക്കരിച്ചു കഴിഞ്ഞാലാണ് ഇത് സാധ്യമാകുന്നത്. ഓരോ പഞ്ചായത്തിനും ഒറ്റക്കൊറ്റക്ക് ഇതു സാധ്യമല്ല. അതിനേക്കാളുപരി എല്ലാ പഞ്ചായത്തുകളും നടത്തുന്ന പ്രവർത്തനങ്ങളിൽ ഐകരൂപ്യമുാവണം. ജില്ലാ സംസ്ഥാനതലങ്ങളിൽ വിവരങ്ങൾ സംയോജിപ്പിക്കാനും വിശകലനം ചെയ്യാനും കഴിയുകയും വേണം. ഇതിനാവശ്യമായ സോഫ്റ്റ്വെയറുകൾ ബന്ധപ്പെട്ട നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസൃതമായി തയ്യാറാക്കേ

ചുമതലയാണ് സർക്കാർ ഇൻഫർമേഷൻ കേരള മിഷനെ ഏൽപ്പിച്ചത്.

സോഫ്റ്റ്‌വെയറുകൾ തയ്യാറായതുകൊ് പ്രശ്നം പരിഹരിക്കപ്പെടുകയില്ലെന്നു നാം കു കഴിഞ്ഞു. ഇവ പ്രയോഗത്തിൽ കൊു വരുന്നതിനാവശ്യമായ ഉപകരണങ്ങൾ സജ്ജമാക്കണം; ഉപകരണങ്ങൾ കൈകാര്യം ചെയ്യാൻ പരിശീലനം ലഭിച്ച ജീവനക്കാരുമുാകണം. ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുകയും ജീവനക്കാരെ പരിശീലിപ്പിക്കുകയും ചെയ്യേത് തങ്ങളുടെ ഉത്തരവാദിത്വമാണെന്ന് പഞ്ചായത്തുകളും നഗരസഭകളും തിരിച്ചറിയാൻ വൈകി എന്നതാണ് തദ്ദേശഭരണസ്ഥാപനങ്ങളുടെ കമ്പ്യൂട്ടർവൽക്കരണം വൈകാനുള്ള കാരണം. കമ്പ്യൂട്ടറുകളും മറ്റ് ഉപകരണങ്ങളും ലഭ്യമാക്കാനുള്ള ഉത്തരവാദിത്വം പഞ്ചായത്തുകളും നഗരസഭകളും ഏറ്റെടുത്തിട്ടു്. പക്ഷേ ചിട്ടയായി രൂപപ്പെടുത്തിയ പ്രോഗ്രാമുകൾ പ്രവർത്തിക്കാൻ ശേഷിയുള്ളവയാകണം ഈ ഉപകരണങ്ങൾ. അവയുടെ സ്പെസിഫിക്കേഷൻസ് നിർണ്ണയിച്ചു കൊടുക്കുന്ന ചുമതലയും സോഫ്റ്റ്‌വെയറുകൾ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കുന്ന ചുമതലയും ഐ.കെ.എമ്മിന്റേതു തന്നെയാണ്. ഇതുപോലെ തന്നെയാണ് പരിശീലനത്തിന്റെ ഉത്തരവാദിത്വവും. ആർക്കൊക്കെ പരിശീലനം നൽകണമെന്നു തീരുമാനിക്കുകയും അവർ പരിശീലനത്തിനെത്തുന്നു എന്നുറപ്പാക്കുകയും ചെയ്യേത് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും വകുപ്പുമാണ്. പരിശീലനത്തിന്റെ ഉള്ളടക്കം തീരുമാനിക്കുക, ആവശ്യത്തിനുള്ള പരിശീലകരെ നൽകുക എന്നിവ ഐ.കെ.എമ്മിന്റെ ചുമതല ആയിരിക്കണം. സ്വന്തം സ്ഥാപനത്തിനാവശ്യമായ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും സജ്ജമാക്കി സ്വന്തം ജീവനക്കാരെ പരിശീലിപ്പിച്ച് ദൈനംദിനപ്രവർത്തനങ്ങൾ കമ്പ്യൂട്ടർവൽക്കരിക്കാനുള്ള ഉത്തരവാദിത്വം പഞ്ചായത്തുകളുടേതും നഗരസഭകളുടേതുമാണ്. ഇവർക്കാവശ്യമായ സാങ്കേതിക പിന്തുണ നൽകുകയും സോഫ്റ്റ്‌വെയറുകൾ സജ്ജമാക്കുകയും ചെയ്യേ ഉത്തരവാദിത്വമാണ് ഐ.കെ.എമ്മിന്.

ഐ.കെ.എം തയ്യാറാക്കിയ പ്രോഗ്രാമുകളെക്കുറിച്ച് ആരും പരാതിപെട്ടിട്ടില്ല. മറിച്ച് സാർവ്വത്രിക അംഗീകാരവും പുരസ്കാരങ്ങളും ആണ് അവർക്ക് ലഭിച്ചിട്ടുള്ളത്. സുലേഖ, സാംഖ്യ, സേവന തുടങ്ങിയവയെല്ലാം ഈ ഗണത്തിൽ പെടുന്നു. എന്നാൽ ഇവയുടെയെല്ലാം മെച്ചം പൊതുജനങ്ങൾക്ക് അനുഭവവേദ്യമായിട്ടില്ല എന്നത് ഗുണകരമല്ല. ഒരു നിശ്ചിതസമയപരിധിക്കുള്ളിൽ ഇവയെല്ലാം പ്രാവർത്തികമാക്കും എന്ന നിർബന്ധമില്ലാത്ത താണോ ഇതിനു കാരണം എന്നു തോന്നിപ്പോകുന്നു. ഇനിയും ഇക്കാര്യത്തിൽ അമാന്തമുാകരുത്.

പഴയകാലരേഖകൾ മുഴുവൻ വിവരശേഖരത്തിന്റെ ഭാഗമാക്കിയില്ലെങ്കിൽ കമ്പ്യൂട്ടർവൽക്കരണത്തിന്റെ പൂർണ്ണ പ്രയോജനം ലഭ്യമാകില്ല എന്നത് പലരുടേയും ശ്രദ്ധയിൽ വരുന്നില്ല. ഇക്കാര്യം കൂടി കണക്കിലെടുത്തുകൊ് വിവരശേഖരം സജ്ജമാക്കിയാൽ ഓൺലൈനായി തന്നെ വിവരങ്ങൾ ലഭിക്കാനും സർട്ടിഫിക്കറ്റുകളുടെ പകർപ്പ് എടുക്കാനും കഴിയും. ഈ വഴിക്ക് നമുക്ക് നീങ്ങാൻ കഴിയുന്ന അവസ്ഥയുായിട്ടു്. തുടക്കമെന്ന നിലക്ക് ജനന സർട്ടിഫിക്കറ്റുകൾ ഓൺലൈനായി നൽകാൻ വേ സജ്ജീകരണങ്ങൾ തയ്യാറായി കഴിഞ്ഞു. മറ്റു മേഖലകളും വൈകാതെ ഈ നിലവാരത്തിലെത്തി ക്കേതു്. ദേശീയ അംഗീകാരം നേടിയ സോഫ്റ്റുവെയറുകൾ രൂപകൽപ്പന ചെയ്ത ഐ.കെ.എം പ്രവർത്തന ദിശ ഇതിനനുസൃതമായി ചിട്ടപ്പെടുത്തുമെന്നു പ്രതീക്ഷിക്കുന്നു.

# തദ്ദേശസ്വയംഭരണവും നിയമങ്ങളും ഓംബുഡ്സ്മാനും

ജസ്റ്റിസ് എം.ആർ ഹരിഹരൻ നായർ
ഓംബുഡ്സ്മാൻ

വികേന്ദ്രീകൃതഭരണസംവിധാനവും നാട്ടുകാരുടെ കാര്യം അവർ തന്നെ ഒന്നിച്ചിരുന്ന് ചർച്ച ചെയ്തു തീരുമാനിച്ച് സ്വയം നടപ്പാക്കുന്ന തരം ഒരു പഞ്ചായത്തുസമ്പ്രദായവും നമ്മുടെ രാഷ്ട്ര പിതാവിന്റെ ഒരു സ്വപ്നമായിരുന്നു. ഗ്രാമസ്വരാജ് എന്ന പുസ്തകത്തിൽ അതിന്റെ വിശദ വിവരങ്ങൾ ഉ്. അദ്ദേഹം വിഭാവനം ചെയ്ത പഞ്ചായത്ത് ഭരണത്തിൽ പോലീസിനും കോടതിയ്ക്കും സ്ഥാനമില്ല. അവയുടെ ആവശ്യം ആ സമ്പ്രദായത്തിൽ ഉാവില്ല എന്ന് അദ്ദേഹം കരുതി. അത്തരം ഒരു സമ്പ്രദായം കാര്യക്ഷമമായി പ്രവർത്തിക്കണമെങ്കിൽ നമ്മളിൽ ഓരോരുത്തരുടെയും ധാർമ്മിക നിലവാരവും കാര്യക്ഷമതയും സേവന സന്നദ്ധതയും എത്രയോ ഉയരണം. കസ്തൂർബാ ചെയ്തതുപോലെ അന്യരുടെ കക്കൂസ്‌വരെ കഴുകി ശുദ്ധിയാക്കത്തക്ക വിധം ത്യാഗസന്നദ്ധതയുള്ളവർ മാത്രം ഉള്ള ഒരു ജനസമൂഹത്തിൽ മാത്രമേ അത്തരം ഒരു ഭരണ സംവിധാനത്തിന് നിലനിൽപ്പുാവൂ. ഏതാ് അതിന് അല്പമെങ്കിലും സമാനമായ ഒരു ഭരണ സംവിധാനം കാണാൻ കഴിയുന്നത് ലക്ഷദ്വീപുകളിൽ പെടുന്ന ചില ദീപുകളിൽ മാത്രമാണ്. അത് അവിടെ വിജയിക്കാൻ കാരണം

1. സമാന ചിന്താഗതിയുള്ളവരും നൂറ് ശതമാനം സത്യസന്ധരും ഒരേ മതാചാരക്രമങ്ങൾ പാലിക്കുന്നവരുമായവർ മാത്രം അവിടെ ജീവിയ്ക്കുന്നു എന്നതു കൊാണ്. സാധാരണ ജനങ്ങളിൽ നിന്നും അത്തരം പെരുമാറ്റം പ്രതീക്ഷിയ്ക്കാനാവില്ല.

2. ഇതൊക്കെ ഏതാ് മുൻകൂട്ടി കാണാൻ കഴിഞ്ഞ നമ്മുടെ ഭരണ ഘടനാ വിധാതാക്കൾ ഇതിന് ഒരു പരിഹാരം ക ത് പ്രായോഗിക കാര്യങ്ങൾ ഉൾപ്പെടുത്തിക്കൊുള്ള ഒരു പഞ്ചായത്തു ഭരണം വിഭാവനം ചെയ്തു കൊാണ്. ഇന്ത്യൻ ഭരണ ഘടനയുടെ 40-ാം അനുഛേദത്തിൽ മാർഗനിർദ്ദേശക തത്വങ്ങളുടെ കൂട്ടത്തിൽ സ്വയം ഭരണസ്ഥാപനങ്ങളായി പ്രവർത്തിക്കാൻ കഴിയുന്ന തരത്തിൽ ഗ്രാമ പഞ്ചായത്തുകളെ ശക്തിപ്പെടുത്തണമെന്ന് പറഞ്ഞിട്ടു്. ഇതിൻപ്രകാരം 73-ാം ഭരണഘടനാ മാറ്റങ്ങളിലൂടെ 1992-ൽ 243-ാം വകുപ്പിൽ വരുത്തിയ പുതിയ വ്യവസ്ഥകളാണ് ഇപ്പോൾ നിലവിലുള്ളത്. ഇതിന്റെ അന്തഃസത്ത ഉൾക്കൊ് കൊും 1960-ലെ നിയമത്തിൽ വലുതായ മാറ്റങ്ങൾ വരുത്തി ക്കൊുമാണ് കേരള പഞ്ചായത്ത് രാജ് നിയമം നിയമസഭ പാസാക്കിയത്. ത്രിതല പഞ്ചായത്തു ഭരണമാണ് ഇതിൽ വിഭാവനം ചെയ്തത്.

3.ഭരണസാരഥ്യം സർക്കാരിന് തന്നെ ആയിരിയ്ക്കും. പക്ഷേ ഇതിനൊരു മറുവശം ഉ്. അനിയന്ത്രിതമായ അധികാരം ആരിൽ വന്നുചേർന്നാലും അതിന്റെ ഉപവസ്തുവായി സ്വജനപക്ഷപാതം, അഴിമതി, അധികാര ദുർവിനിയോഗം തുടങ്ങിയ ദുർനടപടികൾ ഉാവുക സ്വാഭാവികം. ഇതെല്ലാം പരിഗണിച്ചുകൊാണ് ഓംബുഡ്സ്മാൻ സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചത്. കേരള പഞ്ചായത്തു നിയമത്തിലെ 271-ാം വകുപ്പിൽ, മാറ്റങ്ങൾ വരുത്തിക്കൊ് ഇതു സംബന്ധിച്ച വ്യവസ്ഥകൾ എഴുതി ചേർത്തിരിയ്ക്കുകയാണ്.

4. ഓംബുഡ്സ്മാൻ എന്ന സ്വീഡിഷ് പദത്തിന്റെ അർത്ഥം ജനങ്ങളുടെ പ്രതിനിധി എന്നാണ- പൗരന്മാരുടെ അവകാശങ്ങൾ കാത്തു രക്ഷിക്കാൻ

ബാധ്യസ്ഥനായ അവരുടെ പ്രതിനിധി. 1809-ൽ സ്വീഡനിലും തുടർന്ന് ഫിൻലൻഡ്, ഡൻമാർക്ക് എന്നീ രാജ്യങ്ങളിലും ഈ സംവിധാനം നിലവിൽ വന്നു. 1962-ൽ ന്യൂസിലൻഡിലും 1967-ൽ ഇംഗ്ലിലും ഈ സംവിധാനം പ്രവർത്തിച്ചു തുടങ്ങി. ഇംഗ്ലിൽ അതിന്റെ പേർ പാർലമെന്ററി കമ്മീഷണർ ഫോർ അഡ്മിനിസ്ട്രേഷൻ എന്നായിരുന്നു.

5. ഒരു മേൽനോട്ടക്കാരനെയാണ് ഇവിടെ വിവക്ഷിയ്ക്കുന്നത്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ പ്രവർത്തനങ്ങളിൽ ഒരു കണ്ണ് വയ്ക്കാനുള്ള ഒരു സ്വതന്ത്ര സംവിധാനം എന്തൊക്കെ കാര്യങ്ങളിൽ ഓംബുഡ്സ്മാന് ഇടപെടാമെന്ന് നിയമവ്യവസ്ഥകൾ വ്യക്തമാക്കുന്നു.

6. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവക്ക് നിയമം അനുവദിയ്ക്കാത്ത അധികാരം പ്രായോഗിക്കൻ, നിയമപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനം ചെയ്യേ ചുമതലകൾ ചെയ്യാതിരിക്കൽ, അവയിലെ ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ എന്നിവർ അഴിമതി, ദുർഭരണം എന്നിവയിൽ ഏർപ്പെടുക, ഇവയിൽ ഏതെങ്കിലും സംഭവിച്ചതായി ബോധ്യപ്പെടുന്ന പക്ഷം അതിലിടപ്പെട്ട് യുക്തമായ പരിഹാര നടപടികൾ എടുത്ത് നടപ്പാക്കുക എന്നതാണ് ഓംബുഡ്സ്മാന്റെ ചുമതല. അഴിമതി പോലുള്ള ക്രിമിനൽ കുറ്റങ്ങൾ വെളിവാകുന്ന പക്ഷം അതു സംബന്ധിച്ച പ്രോസിക്യൂഷനായി കേസ് പോലീസിന് കൈമാറുക, ബന്ധപ്പെട്ട സാമാജികനെയോ പഞ്ചായത്ത് ഉദ്യോഗസ്ഥനെയോ പിഴശിക്ഷയ്ക്ക് വിധേയമാക്കുക, ഇത്തരം ദുർനടപടി കാരണം പരാതിക്കാരന് നഷ്ടം സംഭവിച്ചിട്ടുള്ള പക്ഷം അത് തെറ്റുകാരനിൽ നിന്നോ, തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നോ ഈടാക്കി കൊടുക്കൽ എന്നിവയും ഓംബുഡ്സ്മാന്റെ പ്രവർത്തന ചുമതലകളിൽ ഉൾപ്പെടുന്നു.

7. പരാതിയുടെ അടിസ്ഥാനത്തിലോ, അത് ഇല്ലെങ്കിൽ നേരിട്ട് ലഭിക്കുന്ന അറിവിന്റെ അടിസ്ഥാനത്തിലോ പത്രവാർത്തയുടെയോ മറ്റ് വിധത്തിൽ ലഭിക്കുന്ന അറിവിന്റെ അടിസ്ഥാനത്തിലോ ഓംബുഡ്സ്മാന് കേസ് രജിസ്റ്റർ ചെയ്യാം. ലോക് ആയുക്തയ്ക്കും ഏറെക്കുറെ സമാനസ്വഭാവമുള്ള അധികാരങ്ങൾ നിയമം അനുവദിച്ചിട്ടുള്ളതിനാൽ ഇരുവരുടെയും അധികാരപ്രയോഗം ബന്ധപ്പെട്ടവർക്ക് സമയനഷ്ടവും മറ്റ് ബുദ്ധിമുട്ടുകളും ഉാക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേതുല്ലോ. ഇതിനായി പഞ്ചായത്ത് രാജ് നിയമത്തിലെ 271. ഒ(3) എന്ന വകുപ്പിൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം ഓംബുഡ്സ്മാൻ പ്രവർത്തിക്കേ കാര്യങ്ങളിൽ ലോക് ആയുക്ത അധികാരം പ്രയോഗിക്കരുതെന്ന നിയമ വ്യവസ്ഥയു്.

8. കേരള മുൻസിപ്പാലിറ്റീസ് ആക്ടിൽ ഓംബുഡ്മാനെ സംബന്ധിച്ച് പ്രത്യേകവ്യവസ്ഥകൾ ഇല്ലെങ്കിലും കേരള ഹൈക്കോടതി മേയർ ഓഫ് കൊച്ചി Vs.ഓംബുഡ്സ്മാൻ (2004(2) കെ.എൽ.റ്റി.621) എന്ന കേസിൽ നൽകിയ വിധി ന്യായത്തിൽ കേരള പഞ്ചായത്ത് രാജ് നിയമപ്രകാരമുള്ള ഓംബുഡ്സ്മാന് മുൻസിപ്പാലിറ്റികൾ, കോർപ്പറേഷൻ എന്നിവയുടെ കാര്യത്തിലും അധികാരം ഉായിരിയ്ക്കുമെന്ന് വിവക്ഷിയ്ക്കുന്നു.

9. കാലതാമസം, വ്യവഹാരച്ചെലവ് എന്നീ ര് കാര്യങ്ങളാണ് ഇന്ത്യൻ സിവിൽ നിയമവ്യവസ്ഥയുടെ ര് ദൗർബല്യങ്ങളായി സാധാരണ ചൂി ക്കാണിക്കാറുള്ളത്. ഇവ രും ഓംബുഡ്സ്മാന്റെ കാര്യത്തിൽ വൈദഗ്ധ്യത്തോടെ ഒഴിവാക്കിയതായി കാണാൻ കഴിയും. പ്രോസസ് സർവ്വർ വഴി നേരിട്ട് സമൻസ് നടത്തണമെന്നും അത് നടത്തുന്ന തീയതിയിൽ തുടങ്ങി താരതമ്യേന ദീർഘമായ ഒരു കാലാവധി എതിർകക്ഷിയ്ക്ക് ഹാജരാകാൻ അനുവദിയ്ക്കണമെന്നും കേസിലെ തീരുമാനശേഷം വിധി നടത്തി കിട്ടണമെങ്കിൽ വിധി നടത്തപേക്ഷ പ്രത്യേകം ഫയൽ ചെയ്ത് വീും നോട്ടീസയച്ച് പുതിയ നടപടികൾ വേണമെന്നും മറ്റുമുള്ള കോടതിയ്ക്ക് ബാധകമായ കർക്കശ നടപടിക്രമങ്ങൾ ഒഴിവാക്കിയതിലൂടെയാണ് കാലതാമസം ഒഴിവാക്കുന്നത്. ഓംബുഡ്സ്മാന് അഭിഭാഷകന്റെ സഹായമില്ലാതെ നേരിൽ പരാതി നൽകാമെന്നും തക്കതായ കാരണം കാണിച്ച് പ്രത്യേക ഉത്തരവിലൂടെ അനുവാദം നൽകാത്ത പക്ഷം അഭിഭാഷകനെ ഹാജരാക്കാൻ അനുവദിക്കാവുന്നതല്ലെന്ന് വ്യവസ്ഥ ചെയ്തും, പരാതി ഫയൽ ചെയ്യാൻ വെറും 10 രൂപ മാത്രമേ കോർട്ട് ഫീ ആയി നൽകേതുള്ളൂ എന്ന് വ്യവസ്ഥ ചെയ്തും ബത്ത ഒടുക്കിച്ച കമ്മീഷനെ അയച്ച് റിപ്പോർട്ട് വരുത്തുന്നതിന് പകരം ഉയർന്ന സർക്കാർ ഉദ്യോഗസ്ഥരെ അയച്ച് കക്ഷിക്ക് ചെലവില്ലാതെ തന്നെ റിപ്പോർട്ട് വരുത്തുന്നതിലൂടെയും നോട്ടീസ് അയക്കാനും മറ്റും കക്ഷികളോട് ബത്ത, സ്റ്റാമ്പ്

എന്നിവ ഹാജരാക്കാൻ ആവശ്യപ്പെടേതില്ലെന്നും നിർദ്ദേശിച്ചതിലൂടെ യാണ് വ്യവഹാര ചെലവ് ഒഴിവാക്കിയിരിക്കുന്നത്. കേരളത്തിലൊഴികെ മറ്റു സംസ്ഥാനങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി ഓംബുഡ്സ്മാൻ സംവിധാനം ഇനിയും ഉായിട്ടില്ല. ഭൂപരിഷ്ക്കരണ നിയമത്തിന്റെ കാര്യത്തിൽ കേരളം മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയായിട്ടുള്ളതുപോലെ ഈ സംവിധാനം നടപ്പിൽ വരുത്താനായി മറ്റു പല സംസ്ഥാനങ്ങളിലും ഇതേപ്പറ്റി പഠിച്ചു വരുന്നു.

10. ഏതൊക്കെ തരം കേസുകളാണ് ഓംബുഡ്സ്മാൻ മുമ്പാകെ എത്താറുള്ളത് എന്ന് പരിശോധിയ്ക്കാം.

(1) നിയമപ്രകാരം തങ്ങൾക്ക് ലഭിക്കേ വിവിധതരം ആനുകൂല്യങ്ങൾ (ഉദാ. ഭവന നിർമ്മാണം, കൃഷി എന്നിവയ്ക്കും മറ്റുമുള്ള ആനുകൂല്യങ്ങൾ) ലഭ്യമാക്കുന്നില്ല എന്നോ, അക്കാര്യത്തിൽ വിവേചനം കാണിയ്ക്കുന്നു എന്നോ

(2) ബിൽഡിംഗ് പെർമിറ്റ്, ഒക്കുപ്പൻസി സർട്ടിഫിക്കറ്റ്, ജനനം, വിവാഹം, മരണം എന്നിവ സംബന്ധിച്ച രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ എന്നിവ ലഭിയ്ക്കുന്നില്ലെന്നോ, അതല്ലെങ്കിൽ അക്കാര്യത്തിൽ മനപൂർവ്വകാലതാമസം വരുത്തുന്നു എന്നോ.

(3) നികുതി സംബന്ധമായ പരാതികളിൽ തീർപ്പ് കൽപ്പിക്കുന്നില്ല, കാല താമസം ഉാകുന്നു എന്നും മറ്റും.

(4) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലകളായ മാലിന്യനിർമ്മാർജനം, റോഡുകളുടെയും പൊതുസ്ഥലങ്ങളുടെയും സംരക്ഷണം, തെരുവ് വിളക്കുകൾ കത്തിക്കൽ, തെരുവ് നായ്ക്കൾ, അലഞ്ഞുതിരിഞ്ഞു നടക്കുന്ന കന്നുകാലികൾ എന്നിവയുടെ ശല്യത്തിൽ നിന്നും സംരക്ഷണം നൽകുക എന്നീ കാര്യങ്ങളിലുള്ള ഉത്തരവാദിത്വത്തിൽ നിന്നും ഒഴിഞ്ഞുമാറൽ.

5. വിവിധ തരങ്ങളിലുള്ള അഴിമതി, സ്വജനപക്ഷപാതം, എന്നിവയിൽ ഏർപ്പെടൽ.

6. റോഡ്, ശ്മശാനങ്ങൾ, പാലം എന്നിവയുടെ പരിപാലനത്തെ സംബന്ധിച്ചിടത്തോളം കാര്യങ്ങൾ ശരിയായി ചെയ്യാതിരിക്കുക.

7. വിവിധ പദ്ധതികൾ നടപ്പാക്കാതിരിക്കുക.

8. പഞ്ചായത്തുയോഗങ്ങൾ യഥാസമയവും, യഥാക്രമവും വിളിച്ചു കൂട്ടാതിരിയ്ക്കുകയോ അവയുടെ തീരുമാനങ്ങൾ നടപ്പാക്കാതിരിയ്ക്കുകയോ ചെയ്യുക.

9. സ്വകാര്യവ്യക്തികളുടെയോ മറ്റു വകുപ്പുകളുടെയോ സ്ഥലത്ത് കയ്യേറി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുക.

**പ്രവർത്തനാനുഭവങ്ങൾ**

11. ഓംബുഡ്സ്മാന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി പ്രാവർത്തികമാക്കാൻ ഉദ്ദേശിച്ചുള്ള നിയമവ്യവസ്ഥകൾ പൂർണ്ണമായും സർക്കാർ നടപ്പാക്കിയിട്ടില്ല എന്നതിനാൽ ചില രംഗങ്ങളിൽ ഓംബുഡ്സ്മാന്റെ പ്രവർത്തനം ഫലപ്രദമാകുന്നില്ല. 271 (എൽ) വകുപ്പിൽ പറയുന്ന പ്രകാരവും സമാനസ്വഭാവമുള്ള ലോക് ആയുക്ത, മനുഷ്യാവകാശ കമ്മീഷൻ, വനിതാ കമ്മീഷൻ എന്നിവയ്ക്ക് അനുവദിച്ച പ്രകാരവുമുള്ള ഉയർന്ന പോലീസ് ഉദ്യോഗസ്ഥരും, പഞ്ചായത്ത് വകുപ്പിലെയും നഗരകാര്യ വകുപ്പിലെയും ഉയർന്ന ഉദ്യോഗസ്ഥരും അടങ്ങുന്ന ഒരു ടീം ഓംബുഡ്സ്മാന് ലഭ്യമാക്കിയാൽ മാത്രമേ ഓംബുഡ്സ്മാനിൽ നിക്ഷിപ്തമായ ചുമതലകൾ കാര്യക്ഷമമായി നിർവ്വഹിയ്ക്കാനാവൂ. ഇത് ഇനിയും ലഭ്യമായിട്ടില്ല.

12. ചുരുക്കം കേസുകളിലെങ്കിലും തെളിവെടുപ്പ് ആവശ്യമായി വരും. സങ്കീർണ്ണമായ ഇത്തരം കേസുകളിൽ ശരിയായി തെളിവ് ഹാജരാക്കാനും സാക്ഷികളെ ക്രോസ് വിസ്തരിയ്ക്കാനും സർക്കാർ വക്കീലിന്റെ പ്രവർത്തി ചെയ്യുന്ന ഒരു നിയമജ്ഞന്റെ സേവനം ആവശ്യമു്. കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 271. ഐ. (1) വകുപ്പനുസരിച്ച് ഇത്തരം ഉദ്യോഗസ്ഥനെ നിയമിയ്ക്കേതാണെങ്കിലും ലോക് ആയുക്തയിലും മറ്റും ലഭ്യമായ ഈ സൗകര്യം ഓംബുഡ്സ്മാന് ഇനിയും ലഭ്യമാകാത്തത് കാര്യക്ഷമമായ പ്രവർത്തനത്തിന് വിഘാതം ഉാക്കുന്നു്. പ്രത്യേകിച്ചും സർക്കാർ റഫറൻസ് അനുസരിച്ചുള്ള നടപടികളിൽ യഥാർത്ഥ ചിത്രം അവതരിപ്പിയ്ക്കാൻ ആരും ഇല്ലാതെ പോകുന്നത് നീതി നിർവ്വഹണത്തിനായുള്ള ഓംബുഡ്സ്മാന്റെ പ്രവർത്തനത്തിന് തടസമാകുന്നു.

13. ഓംബുഡ്സ്മാൻ തീർപ്പ് കൽപ്പിക്കുന്ന കേസുകളിൽ പോലും അത് നടപ്പാകണമെങ്കിൽ അതിനെതിരെ ഹൈക്കോടതിയിൽ ഫയൽ ചെയ്യപ്പെടുന്ന റിട്ട് ഹർജിയിൽ തീരുമാനം ശരിയെന്ന് കത്തെണം. ഇത് ഫലപ്രദമായി നടപ്പാക്കണമെങ്കിൽ ഓംബുഡ്സ്മാന്റെ

തീരുമാനത്തിന് അടിസ്ഥാനമായ ഘടകങ്ങൾ ഹൈക്കോടതി മുമ്പാകെ ഊന്നിപ്പറയാൻ സർക്കാർ വക്കീൽ വേണം. ഓംബുഡ്സ്മാനിൽ നിന്നും വസ്തുതാ വിവരണം നേടാൻ പോലും ഇപ്പോൾ സംവിധാനമില്ലാത്തത് നീതി നടപ്പാക്കലിനെ ബാധിക്കുന്നില്ലേ എന്ന് സംശയമു്.

14. ചുരുക്കം ചില മാറ്റങ്ങൾ വരുത്തി മുൻവിവരിച്ച കുറവുകൾ പരിഹരിച്ചാൽ ഓംബുഡ്സ്മാൻ സംവിധാനം വൻ വിജയമാക്കി മാറ്റാം. സംശയമില്ല.

# ഇ-ഗവേണൻസിൽ ജനന-മരണ രജിസ്ട്രേഷന്റെ പ്രസക്തി

സഞ്ജീവ് എസ് യു

**തദ്ദേശഭരണ സ്ഥാപനങ്ങളും ജനന-മരണ രജിസ്ട്രേഷനും :-**

സംസ്ഥാനത്ത് മിക്കവാറും എല്ലാ ജനങ്ങളെയും തദ്ദേശഭരണസ്ഥാപനങ്ങളുമായി നേരിട്ട് ബന്ധപ്പെടുത്തുന്ന ഒരു സേവന സംവിധാനമാണ് ജനന-മരണ രജിസ്ട്രേഷൻ. തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഭരണ നിർവഹണ പ്രക്രിയകളിൽ ഇ-ഗവേണൻസ് നടപ്പിലാക്കുമ്പോൾ സ്വാഭാവികമായും മുന്തിയ പ്രധാന്യം ജനങ്ങൾക്ക് നേരിട്ട് സേവനം പ്രദാനം ചെയ്യുന്ന സിവിൽ രജിസ്ട്രേഷന് നൽകേതായിട്ടു്. അതുകൊു തന്നെ ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച് സംസ്ഥാനത്തെ തദ്ദേശഭരണസ്ഥാപനങ്ങളിൽ ഏറ്റവും ആദ്യം വിന്യസിച്ച ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ സേവന (സിവിൽ രജിസ്ട്രേഷൻ) ആണ്. സംസ്ഥാനത്ത് ഇന്ന് 925-ലധികം ഗ്രാമപഞ്ചായത്തുകളിലും മുഴുവൻ നഗരസഭകളിലും ജനന-മരണ രജിസ്ട്രേഷൻ സേവന ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയറിലൂടെയാണ് നിർവഹിക്കപ്പെടുന്നത്.

**നിലവിലുള്ള സംവിധാനത്തിന്റെ പരിമിതികൾ**

ജനന-മരണ രജിസ്റ്ററുകൾ എഴുതി തയ്യാറാക്കുന്ന സംവിധാനത്തിൽ അപൂർണ്ണമായ വിവരങ്ങൾ അടങ്ങിയ അല്ലെങ്കിൽ യുക്തി സഹജമല്ലാത്ത വിവരങ്ങളടങ്ങിയ റിപ്പോർട്ടുകൾ മറ്റനേകം റിപ്പോർട്ടുകളുടെ ഇടയിൽകൂടി അശ്രദ്ധ മൂലം രജിസ്റ്റർ ചെയ്യപ്പെടാറു്. ഉദാഹരണത്തിന് മാതാവിന്റെയും പിതാവിന്റെയും പേര് രേഖപ്പെടുത്താത്ത അല്ലെങ്കിൽ കുട്ടി ആണോ, പെണ്ണോ എന്ന് രേഖപ്പെടുത്താത്ത അല്ലെങ്കിൽ ജനനതീയതി രേഖപ്പെടുത്താത്ത ജനനറിപ്പോർട്ടുകൾ. ഇതുകൂടാതെ ജൂൺ 31, നവംബർ 31 അല്ലെങ്കിൽ ഫെബ്രുവരി 30 ജനനതീയതി ആയുള്ള റിപ്പോർട്ടുകളും മറ്റും ഇത്തരത്തിൽ രജിസ്റ്റർ ചെയ്യപ്പെടാറു്. ഇവയ്ക്കെല്ലാം പുറമെ ജനന-മരണ രജിസ്ട്രേഷനിൽ നിന്നും സർക്കാരിലേക്ക് അവശ്യം ലഭിക്കേ സ്ഥിതിവിവര സംബന്ധമായ കണക്കുകൾ വേത്ര ഗൗരവത്തോടെ റിപ്പോർട്ട് ചെയ്യപ്പെടാറുമില്ല. നിയമപരമായ വിവരങ്ങളിൽ അറിഞ്ഞും അറിയാതെയും കടന്നുകൂടുന്ന പിശകുകൾ തിരുത്തുന്നതിന് സാധാരണക്കാർക്ക് വളരെയധികം ബുദ്ധിമുട്ടുകൾ അനുഭവപ്പെടാറു്.

**ഇ-ഗവേണൻസ് സംവിധാനത്തിലുള്ള നേട്ടങ്ങൾ**

ഇ-ഗവേണൻസ് സംവിധാനത്തിൽ ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയറിലൂടെ ഒരു ജനനം അല്ലെങ്കിൽ മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രക്രിയയിൽ അതിലെ നിയമപരവും സ്ഥിതിവിവര സംബന്ധവുമായ ഉള്ളടക്കം പല തലത്തിൽ പരിശോധിക്കപ്പെടുന്നു.

ആദ്യമായി തീർത്തും പ്രാധാന്യമുള്ള ചില വിവരങ്ങൾ രേഖപ്പെടുത്താതെ ഒരു ജനനം/മരണം രജിസ്റ്റർ ചെയ്യപ്പെടുവാൻ ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ അനുവദിക്കുകയില്ല. ഉദാഹരണത്തിന് റിപ്പോർട്ട് ചെയ്യപ്പെടുന്ന ജനനത്തിൽ ജനനതീയതി, കുട്ടി ആണോ, പെണ്ണോ എന്ന വിവരം, മാതാവിന്റെ പേര്, ജനനസ്ഥലം എന്നിവ രേഖപ്പെടുത്തിയിട്ടി ല്ലെങ്കിൽ ആ റിപ്പോർട്ട് രജിസ്റ്റർ ചെയ്യുന്നതിന് സാധിക്കുകയില്ല. ഇതുപോലെ സ്ഥിതിവിവര സംബന്ധമായഭാഗത്തും ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ ആ റിപ്പോർട്ട്




ആപ്ലിക്കേഷൻ സോഫ്റ്റ്വെയറിൽ കൂടി രജിസ്റ്റർ ചെയ്യുന്നതിന് സാധിക്കുകയില്ല.

ആപ്ലിക്കേഷൻ സോഫ്റ്റ്വെയറിന്റെ ഉപയോഗത്തിലൂടെ യുക്തി സഹജമല്ലാത്ത വിവരങ്ങൾ അബദ്ധത്തിലാണെങ്കിൽ കൂടിയും രേഖപ്പെടുത്തുന്നത് ഒഴിവാക്കാൻ സാധിക്കുന്നു. നേരത്തെ സൂചിപ്പിച്ച രീതിയിൽ ജൂൺ 31, നവംബർ 31, ഫെബ്രുവരി 30 എന്നീ തീയതികൾ ഏതെങ്കിലും തീയതിയുടെ കോളങ്ങളിൽ രേഖപ്പെടുത്തുന്നതിന് ആപ്ലിക്കേഷൻ സോഫ്റ്റ്വെയർ അനുവദിക്കുന്നതല്ല. അതുപോലെതന്നെ ജനനം/മരണം നടന്ന തീയതിക്ക് മുൻപുള്ള ഒരു ദിവസം രജിസ്ട്രേഷൻ തീയതിയായി ഒരിക്കിലും സേവന (സിവിൽ രജിസ്ട്രേഷൻ) ആപ്ലിക്കേഷൻ സോഫ്റ്റ്വെയറിൽ രേഖപ്പെടുത്തുന്നതിന് കഴിയില്ല.

മേൽവിവരിച്ച പ്രത്യേക സംവിധാനങ്ങളിലൂടെ സാധാരണയായി എഴുതി തയ്യാറാക്കുന്ന രജിസ്റ്ററുകളിൽ കടന്നുകൂടാവുന്ന പിശകുകൾ ഏതാണ്ട് പൂർണ്ണമായും ഇ-ഗവേണൻസ് സംവിധാനത്തിൽ ഒഴിവാക്കാൻ കഴിയുന്നു.

**വിവരങ്ങളുടെ മാനകീകരണം :**

ആവർത്തിച്ച് ഉപയോഗിക്കേി വരുന്ന പ്രധാനപ്പെട്ട വിവരങ്ങളും മേൽവിലാസം പോലുള്ള വിശദാംശങ്ങളും മാനകീകരിക്കുന്നതിലൂടെ സേവന (സിവിൽ രജിസ്ട്രേഷൻ) ആപ്ലിക്കേഷനിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന ജനന-മരണങ്ങളുടെ വിശദാംശങ്ങൾ ഗുണമേന്മയോടെ ക്രോഡീകരിക്കുന്നതിനും സ്ഥിതിവിവരസംബന്ധമായ വിവരങ്ങൾ കൃത്യതയോടെ ലഭ്യമാക്കുന്നതിനും കഴിയുന്നു. ചില വിശദാംശങ്ങളുടെ ഗ്ലോബൽ/ലോക്കൽ മാസ്റ്ററുകൾ തയ്യാറാക്കുന്നതിലൂടെയാണ് ഈ നേട്ടം കൈവരിച്ചിരിക്കുന്നത്. സംസ്ഥാനത്തെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും വിന്യസിക്കപ്പെടുന്ന ആപ്ലിക്കേഷനുകളിൽ ഉപയോഗിക്കപ്പെടുന്നതാണ് ഗ്ലോബൽമാസ്റ്ററുകൾ. മാസ്റ്ററുകൾ ഉപയോഗിക്കുമ്പോൾ ആപ്ലിക്കേഷനിൽ മുൻകൂട്ടി നിശ്ചിത രൂപത്തിൽ രേഖപ്പെടുത്തിയിട്ടുള്ള രൂപത്തിൽ മാത്രമേ ബന്ധപ്പെട്ട വിവരം രേഖപ്പെടുത്താനാകൂ. ജനന/മരണ തീയതി, DD/MM/YYYY (തീയതി രക്കത്തിൽ ആദ്യവും, മാസം രക്കത്തിൽ മധ്യഭാഗത്തും വർഷം നാലക്കത്തിൽ അവസാന ഭാഗത്തും) എന്ന രൂപത്തിൽ മാത്രമേ ആപ്ലിക്കേഷനിൽ രേഖപ്പെടുത്താനാകൂ. അതുപോലെ തന്നെ കുട്ടി/മരണപ്പെട്ടയാൾ ആണോ, പെണ്ണോ എന്ന വിവരം, മേൽവിലാസം രേഖപ്പെടുത്തുമ്പോൾ സംസ്ഥാനങ്ങളുടെയും ജില്ലകളുടെയും പേരുകൾ എന്നിവയും ഇത്തരത്തിൽ മാനകീകരിക്കപ്പെട്ട ഗ്ലോബൽ മാസ്റ്ററുകളിൽ ഉൾപ്പെടുന്നു.

ഇത്തരത്തിൽ മാനകീകരിക്കപ്പെട്ട, അതേസമയം ഒരു തദ്ദേശഭരണ സ്ഥാപനത്തിൽ മാത്രം ബാധകമായിട്ടുള്ള വിവരങ്ങളാണ് ലോക്കൽ മാസ്റ്ററുകൾ. തദ്ദേശഭരണ സ്ഥാപനത്തിന്റെ

അതിർത്തിയ്ക്കുള്ളിൽ ഉൾപ്പെടുന്ന ആശുപത്രികളുടെ പേരുകൾ, സ്ഥാപനങ്ങളുടെ പേരുകൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു.

**സുതാര്യതയും കാര്യക്ഷമതയും :**

ഇ-ഗവേണൻസ് സംവിധാനത്തിൽ ജനന- മരണ രജിസ്ട്രേഷനുകൾ കൈകാര്യം ചെയ്യപ്പെടുമ്പോൾ ഉാകുന്ന ഏറ്റവും എടുത്തു പറയത്തക്ക നേട്ടങ്ങളാണ് സുതാര്യതയും കാര്യക്ഷമതയും. ഇതു പറയുമ്പോൾ ഏറ്റവും ശ്രദ്ധിക്കപ്പെടേ കാര്യം നിലവിലുള്ള സമ്പ്രദായത്തിൽ നിന്ന് ഇ-ഗവേണൻസിലേക്കുള്ള മാറ്റത്തിൽ മുൻപ് അനുഭവിച്ചിരുന്ന സ്വാതന്ത്ര്യം രേഖകൾ കൈകാര്യം ചെയ്യുമ്പോൾ ലഭിക്കില്ല എന്നുള്ളതാണ്. ഉദാഹരണത്തിന് 21 ദിവസത്തിനകം റിപ്പോർട്ട് ചെയ്യുന്ന ജനന മരണങ്ങൾ 21 ദിവസത്തിനു ശേഷമാണ് ആപ്ലിക്കേഷനിൽ രേഖപ്പെടുത്തുന്നതെങ്കിൽ അത് താമസിച്ചു റിപ്പോർട്ട് ചെയ്ത രേഖയായേ ആപ്ലിക്കേഷൻ കണക്കാക്കുകയുള്ളൂ. അതുപോലെ തന്നെ ജില്ലാ ജനന മരണ രജിസ്ട്രാറുടെ അനുമതിയോടുകൂടി 30-ദിവസത്തിനുമേൽ ഒരു വർഷത്തിനകം റിപ്പോർട്ടു ചെയ്യുന്ന ജനന മരണങ്ങൾ, അനുമതി ലഭിച്ച് ജനന/മരണ തീയതി മുതൽ ഒരു വർഷത്തിനുള്ളിൽ ആപ്ലിക്കേഷനിലൂടെ രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ പിന്നീട് റവന്യൂ ഡിവിഷണൽ ഓഫീസറുടെ അനുമതിയോടു കൂടി മാത്രം രജിസ്റ്റർ ചെയ്യാവുന്നു; ഒരു വർഷമായിട്ടും രജിസ്റ്റർ ചെയ്യാത്ത ജനനം/മരണം ആയിട്ടായിരിക്കും അതിനെ ആപ്ലിക്കേഷൻ കണക്കാക്കുന്നത്.

അതുപോലെ തന്നെ ആപ്ലിക്കേഷനിലെ ഓരോ പ്രക്രിയയും അതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ Login – ൽ (അദ്ദേഹത്തിന് മാത്രം അറിയാവുന്ന User name ഉം Passward ഉം ഉപയോഗിച്ച് പ്രവേശിക്കുന്നത്) മാത്രം ചെയ്യാവുന്ന രീതിയിലാണ് ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുള്ളത്. അതുകൊുതന്നെ ജനന/മരണ സബ് രജിസ്ട്രാറുടെ Login – ൽ പ്രവേശിക്കുന്ന ഉദ്യോഗസ്ഥന് ജനന/മരണ രജിസ്ട്രാറുടെ ഉത്തരവാദിത്വത്തിൽപ്പെടുന്ന തിരുത്തലുകൾ, താമസിച്ച് റിപ്പോർട്ട് ചെയ്യപ്പെടുന്ന ജനന/മരണങ്ങളുടെ രജിസ്ട്രേഷൻ, ജനന രജിസ്റ്ററിൽ കുട്ടിയുടെ പേര് ചേർക്കൽ എന്നീ പ്രക്രിയകൾ നിർവഹിക്കുന്നതിന് കഴിയുകയില്ല. ഇതിനുപുറമെ ഏത് ഉദ്യോഗസ്ഥൻ ഏത് ദിവസം ഏത് സമയത്ത് എന്ത് പ്രക്രിയയാണ് ആപ്ലിക്കേഷനിലൂടെ നിർവഹിച്ചിട്ടുള്ളത് എന്ന് സ്ഥായിയായി രേഖപ്പെടുത്തുന്നതിനും ആവശ്യമായ സന്ദർഭങ്ങളിൽ അത് പരിശോധിക്കുന്നതിനുള്ള സംവിധാനവും ആപ്ലിക്കേഷനിൽ ഏർപ്പെടുത്തിയിട്ട്.

**സ്ഥിതിവിവരസംബന്ധമായ വിവരങ്ങൾ :-**

ഇ-ഗവേണൻസ് സംവിധാനം വരുന്നതിന് മുൻപ് ഓരോ തദ്ദേശഭരണ സ്ഥാപനത്തിലെയും ഓരോ ജനന-മരണ റിപ്പോർട്ടിന്റെയും സ്ഥിതിവിവര സംബന്ധമായ ഭാഗം ശേഖരിച്ച് പ്രത്യേകം ഡാറ്റാ എൻട്രി ചെയ്ത് ക്രോഡീകരിച്ചാണ് ഓരോ വർഷത്തെയും സ്ഥിതിവിവരസംബന്ധമായ കണക്കുകൾ തയ്യാറാക്കിയിരുന്നത്. എന്നാൽ ഇ-ഗവേണൻസ് സംവിധാനത്തിൽ ഈ പ്രക്രിയ ഒഴിവാക്കാൻ സാധിക്കുന്നു. ഇതിനുപകരം സിവിൽ രജിസ്ട്രേഷൻ പ്രക്രിയ ഓൺലൈൻ ആയിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങളിലെ സ്ഥിതിവിവര സംബന്ധമായ കണക്കുകൾ രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യ നിശ്ചയിച്ചിട്ടുള്ള അതേ കോഡുകളുടെ അടിസ്ഥാനത്തിൽ ആപ്ലിക്കേഷനിൽ നിന്നും നേരിട്ട് തയ്യാറാക്കുന്നതിനും അത്തരത്തിൽ തയ്യാറാക്കുന്ന റിപ്പോർട്ടുകൾ സംസ്ഥാനാടിസ്ഥാനത്തിൽ വേഗത്തിൽ ക്രോഡീകരിക്കുന്നതിനും സാധിക്കുന്നു.

**വെബ് സേവനങ്ങൾ :**

സിവിൽ രജിസ്ട്രേഷനിൽ ഇ-ഗവേണൻസിന്റെ പ്രത്യക്ഷത്തിലുള്ള നേട്ടങ്ങൾ സാധാരണ ജനങ്ങൾക്ക് പ്രയോഗികമായി അനുഭവവേദ്യമാക്കുന്നതിനാണ് വെബ് സേവന സംവിധാനം നടപ്പാക്കിയിട്ടുള്ളത് www.cr.lsgkerala.gov.in എന്ന വെബ് സൈറ്റിൽ നിന്നും സർട്ടിഫിക്കറ്റുകൾ ഡൗൺ ലോഡ് ചെയ്ത് ഉപയോഗിക്കാം.ഇതിനായി വിദ്യാഭ്യാസവകപ്പ് പ്രത്യേക ഉത്തരവായി ഇറക്കിയിട്ടു്. **(2/9/2010ലെ 173/10-ാം നമ്പർ ഉത്തരവ്).**

ആശുപത്രികളിൽ നിന്നുള്ള ജനന-മരണ റിപ്പോർട്ടുകൾ ഇപ്പോൾ തന്നെ നേരിട്ട് ഓൺലൈനായി തദ്ദേശഭരണ സ്ഥാപനങ്ങളിൽ ലഭിക്കുന്നതിനുള്ള ഹോസ്പിറ്റൽ കിയോസ്കുകൾ ഫലപ്രദമായി പ്രവർത്തിക്കുന്നു്. ജനന-മരണ രജിസ്റ്റുകളുടെ വിവരങ്ങൾ വെബിലൂടെ തിരയുന്നതിനും നിശ്ചിത രൂപത്തിലുള്ള പകർപ്പുകൾ എടുക്കുന്നതിനുള്ള സംവിധാനം കൂടി നിലവിൽ വന്നതോടെ ഈ രംഗത്ത് കാതലായ മാറ്റത്തിന് വഴിയൊരുങ്ങുകയാണ്.

# തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഭരണപരിഷ്ക്കരണം ദ്രുതഗതിയിലാക്കണം

കെ. കെ. ജയചന്ദ്രൻ, എം എൽ എ

ജനങ്ങൾ ഏറ്റവും അധികം ആശ്രയിക്കുന്ന സർക്കാർ ആപ്പീസുകൾ എന്ന നിലയിൽ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് ജനങ്ങൾക്കുള്ള അവകാശങ്ങൾ സേവനങ്ങൾ സുതാര്യവും ലളിതവുമായ പ്രക്രിയയിലൂടെയും ലഭ്യമാക്കേതു ്. ഇന്ന് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് ജനം നേരിടുന്ന പ്രശ്നങ്ങൾ പലതാണ്. ജീവനക്കാരിൽ ചെറിയ വിഭാഗത്തിന്റെ കൈക്കൂലി, അലസത, സ്വജന പക്ഷപാത നിലപാടുകൾ, ഇടനിലക്കാർ, രേഖകൾ ലഭ്യമല്ലാത്തതും നഷ്ടമായതും എന്നിങ്ങനെ പല തടസ്സങ്ങളും പൊതുജനം അനുഭവിക്കുന്നു. ഇടനിലക്കാരുമായുള്ള വിലപേശലുകൾ എല്ലാ നഗരസഭകളുടേയും പഞ്ചായത്ത് ഓഫീസുകളുടേയും കവാടങ്ങളിൽ കാണാം. സർട്ടിഫിക്കറ്റുകൾക്കുള്ള അപേക്ഷാ ഫോറം പോലും ലഭിക്കാൻ ഇവരെ ആശ്രയിക്കേ അവസ്ഥയു്. വിദ്യാഭ്യാസമുള്ളവർ പോലും ലളിതമായ അപേക്ഷാഫോറം സ്വമനസ്സാലെ ഈ വിഭാഗത്തെക്കൊ് പൂരിപ്പിക്കുന്നത് സാക്ഷര കേരളത്തിന്റെ ലജ്ജാകരമായ അവസ്ഥയാണ്. ചില സ്ഥാപനങ്ങളിൽ ഇവർ പൂരിപ്പിച്ച അപേക്ഷയേ സ്വീകരിക്കൂ എന്ന അവസ്ഥയുമു്.! ഇതൊക്കെ പരിഹരിക്കാൻ ഈ സർക്കാർ കുറെ നടപടികൾ എടുത്തിട്ടു്. കൂടാതെ ഭരണ പരിഷ്ക്കാരം നടപ്പാക്കാനുള്ള ഉപകരണമായി ഇ-ഗവേണൻസ് മാറണം. ഈ രംഗത്തും രാജ്യത്തിന് മാതൃകയായി കുറെയധികം നടപടികൾ വന്നിട്ടു്. ചില മാതൃകകൾ നാം തന്നെ കർശനമായി നടപ്പാക്കുക തന്നെ വേണം.

ജനനമരണവിവാഹ സർട്ടിഫിക്കറ്റുകൾ, വിവിധ ലൈസൻസുകൾ, പെർമിറ്റുകൾ, തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള മറ്റു സർട്ടിഫിക്കറ്റുകൾ എന്നിവയെല്ലാം വെബ് സൈറ്റിലൂടെയും നേരിട്ടും സമയബന്ധിതമായി ഉപഭോക്താവിന് ലഭിക്കണം. ഇതിനായി ആപ്പീസിലെ നടപടിക്രമങ്ങൾ ലഘൂകരിക്കണം. ഇത്തരത്തിൽ സേവനം ലഭിക്കുക എന്നത് ജനങ്ങൾക്കുള്ള അവകാശമായി മാറണം. ജനനമരണവിവാഹ സർട്ടിഫിക്കറ്റുകൾ വെബ് സൈറ്റിലൂടെ ലഭ്യമാണ്. 60 മുനിസിപ്പാലിറ്റി, 5 കോർപ്പറേഷൻ, 977 ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽ ഈ സൗകര്യം ലഭ്യമാണ്. പക്ഷെ 2006 മുതലുള്ള വിവരങ്ങളെ ലഭ്യമായിട്ടുള്ളൂ. എല്ലാ ഗ്രാമപഞ്ചായത്ത്-മുനിസിപ്പാലിറ്റി-കോർപ്പറേഷനുകളിലും 1970 മുതലുള്ള എഴുതി തയ്യാറാക്കിയിട്ടുള്ള രേഖകൾ ഡിജിറ്റൈസ് ചെയ്ത് ഓൺലൈൻ ആയി കൊുവരണം. ദൃശ്യ ശ്രാവ്യഇതര മാധ്യമങ്ങൾ എന്നിവയുടെ സഹായമഭ്യർത്ഥിച്ച് ജനകീയമായ പ്രചരണം നടത്തണം. ഇതിന്റെ ഭാഗമായി ജനനമരണവിവാഹ സർട്ടിഫിക്കറ്റുകൾ (ഭാവിയിൽ മറ്റെല്ലാ സർട്ടിഫിക്കറ്റുകളും) പരിശോധിക്കേുന്ന ഏജൻസികൾക്ക് (വിദ്യാലയങ്ങൾ, പാസ്പോർട്ട് ഓഫീസ്, മറ്റു ആവശ്യമുള്ള സ്ഥാപനങ്ങൾ) ഓൺലൈൻ ആയി ഇരിക്കുന്ന രേഖകൾ ആധികാരികമായി പരിശോധിക്കുന്നതിനും ജനങ്ങളോട് നേരിട്ട് സർട്ടിഫിക്കറ്റ് ആവശ്യപ്പെടുന്നതിനു പകരം വെബ് സൈറ്റിലൂടെ പരിശോധിക്കാൻ ഉള്ള നിർദ്ദേശങ്ങളും വേണം.

അക്ഷയ സെന്ററുകളുടെ സേവന മേഖലകൾ വർദ്ധിപ്പിക്കുകയും വ്യാപിപ്പിക്കുകയും വേണം. ഇലക്ഷൻ കമ്മീഷന് 18 വയസ്സ് കഴിഞ്ഞ വോട്ടേഴ്സ് ലിസ്റ്റിൽ പേര് ചേർക്കേവരുടേയും, മരണമടഞ്ഞ ഒഴിവാക്കപ്പെടേവരുടേയും ലിസ്റ്റ് തയ്യാറാക്കാൻ ഈ സംവിധാനത്തെ ഉപയോഗപ്പെടുത്താം.

ഗുരുവായൂർ മുനിസിപ്പാലിറ്റിയുടെ മാതൃക പിൻതുടർന്ന് വെബ് സൈറ്റ്, ടച്ച് സ്ക്രീൻ എന്നിവയിലൂടെ ഫയൽ ട്രാക്കിംഗ് സംവിധാനം നടപ്പാക്കണം. തുടക്കത്തിൽ തദ്ദേശഭരണസ്ഥാപനത്തിലും തുടർന്ന് വകുപ്പുകളിലും ഇ-ഫയൽ ട്രാക്കിംഗ് നിർബന്ധമാക്കിയാൽ ഉാകുന്ന മാറ്റം അത്ഭുതകരമായിരിക്കും. ഫയലുകൾ കാണാതാവുന്നതും, പൂഴ്ത്തിവയ്പ്പും, നടപടി അകാരണമായി വൈകുന്നതുമൊക്കെ ഒരു പരിധിവരെ തടയാനാകും. ഫയലുകളുടെ നിലവിലുള്ള അവസ്ഥയറിഞ്ഞ് ഉപഭോക്താവിനും,

മേലുദ്യോഗസ്ഥനും, ജനപ്രതിനിധികൾക്കും പ്രശ്നങ്ങളിൽ ഇടപെടാൻ കഴിയും. തദ്ദേശ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ സ്റ്റാഫിനെ കൊു തന്നെ വിവരങ്ങൾ പുതുക്കാനും പുതിയവ ചേർക്കാനുമുള്ള സംവിധാനം ലഭ്യമാക്കണം. സാമൂഹ്യ സുരക്ഷാ പെൻഷൻ വിവരങ്ങൾ പൂർണ്ണമായും വെബ്സൈറ്റിൽ ലഭ്യമാക്കണം. വസ്തുനികുതി വിവരങ്ങളുടെ കമ്പ്യൂട്ടർവത്കരണം ദ്രുത ഗതിയിലാക്കാൻ തദ്ദേശസ്ഥാപനങ്ങൾക്ക് പ്രോത്സാഹനം നൽകണം. ഇ പേയ്മെന്റ് എല്ലാ തദ്ദേശസ്ഥാപനങ്ങളിലും കൊുവരണം. ജി ഐ എസ് സാങ്കേതികവിദ്യ ഫലപ്രദമായി ഉപയോഗിക്കാനാവണം. ബിൽഡിംഗ് പെർമിറ്റ്, സോളിഡ് വേസ്റ്റ് മാനേജ്മെന്റ് തിടങ്ങി തദ്ദേശസ്ഥാപനങ്ങളുടെ എല്ലാ പ്രവർത്തന മേഖലയിലും ഇ ഗവേണൻസ് നിർബന്ധമാക്കണം. ബയോമെട്രിക് ഹാജർസംവിധാനം നടപ്പാക്കാവുന്നതാണ്. സ്വതന്ത്ര സോഫ്റ്റ്വെയറുകൾ ഉപയോഗിക്കാൻ നിർദ്ദേശം നൽകണം. നിലവിലുള്ള കുത്തക സോഫ്റ്റ്വെയർ സംവിധാനത്തിന് ബദൽ മാർഗ്ഗം ഉാക്കാൻ ഒരു സപ്പോർട്ടിഗ് ടീം സർക്കാർ തലത്തിൽ ഉാക്കി ശക്തിപ്പെടുത്തണം. തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ വിവിധ സെക്ഷനുകൾ തമ്മിലുള്ള ഏകോപനം എളുപ്പമുള്ളതാക്കാൻ വിന്യസിച്ചിട്ടുള്ള വിവിധ സോഫ്റ്റ്വെയറുകൾ പരസ്പരം ചേർന്നു പ്രവർത്തിക്കത്തക്ക രീതിയിലാണ് രൂപകൽപ്പന ചെയ്തിട്ടുള്ളത്. ഇത് പൂർണ്ണതയിലെത്തിക്കണം.

ഇ-ഗവേണൻസ് നൽകുന്ന നേട്ടം ജനങ്ങളിൽ എത്തിക്കുന്നതിന് എം ഗവേണൻസ് പരമാവധി ഉപയോഗപ്പെടുത്തണം. മൊബൈൽ ഉപഭോക്താവ് അല്ലാത്തവർ ചുരുക്കമാണല്ലോ. പിറന്നു വീഴുന്ന ശിശുക്കളുടെ ആയുരാരോഗ്യം സംരക്ഷിക്കാനാവശ്യമായ വാക്സിനുകൾ സർക്കാർ നൽകുന്നു്. ഇത് കൃത്യമായ ഇടവേളകളിൽ നൽകാനായി മാതാപിതാക്കളെ ഓർമ്മിപ്പിക്കുന്ന ഓട്ടോമാറ്റിക് എസ് എം എസ് സേവനം നൽകാൻ തൽസമയ ജനനരജിസ്ട്രേഷൻ വിവര സഞ്ചയമുപയോഗിച്ച് നമുക്ക് സാധിക്കണം. കൂടാതെ ഫയൽ സ്റ്റാറ്റസ്, നികുതി വിവരങ്ങൾ മറ്റു സേവനങ്ങൾ, തുടങ്ങി നിരവധി മേഖലകളിൽ ജനങ്ങളുമായുള്ള സമ്പർക്കത്തിന് എം ഗവർണൻസ് ഉപയോഗപ്പെടുത്താം.

ജനങ്ങൾക്കും ജനപ്രതിനിധികൾക്കും ജീവനക്കാർക്കും ഇ-സേവനങ്ങൾ സംബന്ധിച്ച ബോധവൽക്കരണം നടത്തണം. ജനപ്രതിനിധികളെ ഉപയോഗിച്ച(എംപി, എംഎൽഎ, മറ്റു ജനപ്രതിനിധികൾ) വിവിധ കമ്മിറ്റികളിൽ മോണിറ്ററിംഗ് സംവിധാനം ഉാക്കുകയും സേവനങ്ങളുടെ സാമൂഹ്യ ഓഡിറ്റിംഗ് നടത്തുകയും വേണം. കൂടാതെ ഇ-ഗവേണൻസ് നടപ്പിലാക്കിയതിന്റെ ഭാഗമായി ലഭ്യമായ വിവിധ സ്രോതസ്സുകൾ, എം ഗവേണൻസ് എന്നിവ ഏതെല്ലാം തരത്തിൽ ജനങ്ങൾക്ക് ഉപകാരമായ തരത്തിൽ ഉപയോഗപ്പെടുത്താം എന്നതിനെയെല്ലാം കുറിച്ച് പഠിക്കാൻ വിദഗ്ദസമിതിയെ നിയോഗിക്കണം.



# സാംഖ്യ - അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി അക്കൗണ്ടിംഗ് ആപ്ലിക്കേഷൻ

ഉദയഭാനുകല്ലേത്ത്

2010 ഏപ്രിൽ 1 മുതൽ കേരളത്തിലെ എല്ലാ നഗരസഭകളിലും അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി അക്കൗിംഗ് സമ്പ്രദായം നടപ്പിൽ വരികയാണ്. ഇവയിൽ എട്ടു നഗരസഭകളിൽ ഈ സമ്പ്രദായം 2009 മുതൽ നിലവിലു്. 2011 ഏപ്രിൽ 1 മുതൽ, പഞ്ചായത്തുകളിലും ഈ രീതി നടപ്പിൽ വരും. താമസിയാതെ, കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ അക്കൗിംഗ് സമ്പ്രദായവും അക്രുവൽ രീതിയിലേക്കു മാറ്റാൻ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ തീരുമാനിച്ചു കഴിഞ്ഞു. ഇതിനു മുന്നോടിയായി, ഏജീസ് ഓഫീസുകളിലും സി.എ.ജിയുടെ കീഴിലുള്ള ഓഫീസുകളിലും അക്കൗിംഗ് അക്രുവൽ രീതിയിലേക്കു മാറ്റാൻ സി.എ.ജി ഉത്തരവിട്ടിട്ടു്.

**അക്രൂവൽ**

ഒരു സ്ഥാപനത്തിന്റെ മൊത്തം ധനകാര്യ ഇടപാടുകളെ വരുമാനം, ചെലവ്, ബാദ്ധ്യത, ആസ്തി (Income, Expenditure, Liability, Asset) എന്നിങ്ങനെ നാലായി തരം തിരിക്കാം. ഇവയിൽ ഓരോന്നിലും സംഭവിക്കുന്ന ഏറ്റക്കുറച്ചിലുകളെ അപ്പോഴപ്പോൾ തന്നെ അക്കൗിൽ രേഖപ്പെടുത്തുന്ന രീതിയാണ് അക്രൂവൽ അക്കൗിംഗ്. ഇതിൽ നിന്നു വ്യത്യസ്തമായി, പണം വരവു (Receipts) പണം നൽകലും (Payment) സംഭവിക്കുമ്പോൾ മാത്രം അക്കൗിൽ രേഖപ്പെടുത്തുന്ന രീതിയാണ് കാഷ് അടിസ്ഥാനത്തിലുള്ള അക്കൗിംഗ്. ഈ രീതിയാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ അക്കൗിംഗിൽ എന്ന പോലെ തദ്ദേശഭരണ സ്ഥാപനങ്ങളിലും ഇതുവരെ നിലവിലിരുന്നത്.

**ഡബിൾ എൻട്രി**

ഏതു ധനകാര്യ ഇടപാടിലും ഏറ്റവും ചുരുങ്ങിയത് രു ഭാഗങ്ങൾ, അഥവാ ര് അക്കൗുകൾ ഉായിരിക്കും. ഇവയിൽ ഒരു അക്കൗ് ആനുകൂല്യം കൈപ്പറ്റുന്നു; മറ്റേ അക്കൗ് ആനുകൂല്യം നൽകുന്നു. ആനുകൂല്യം കൈപ്പറ്റുന്ന അക്കൗിനെ ഡെബിറ്റ് ചെയ്യുന്നു; ആ അക്കൗിനെ ഡെറ്റർ (debtor) എന്നു വിളിക്കുന്നു. ആനുകൂല്യം നൽകുന്ന അക്കൗിനെ ക്രെഡിറ്റ് ചെയ്യുന്നു; ആ അക്കൗിനെ ക്രെഡിറ്റർ (creditor) എന്നു വിളിക്കുന്നു.

ഇവിടെ അക്കൗ് എന്ന വാക്കിന്റെ അർത്ഥം ശരിയായി ഉൾക്കൊള്ളേതു്. ഹെഡ് ഓഫ് അക്കൗ് (Head of Account) എന്നതു കൊ് ഉദ്ദേശിക്കുന്നതു തന്നെയാണ് അക്കൗ്. അതായത് ഏതെങ്കിലുമൊരു വരുമാനം, ചെലവ്, ബാദ്ധ്യത, ആസ്തി.

ഉദാഹരണങ്ങൾ പരിശോധിക്കാം: വസ്തു നികുതി, വാടക, ലൈസൻസ് ഫീസ്, ശമ്പളം, കറന്റ് ചാർജ്, വായ്പ, കരാറുകാരന് നൽകാനുള്ള തുക, ഭൂമി, കെട്ടിടം, ലഭിക്കാനുള്ള വസ്തു നികുതി, എസ്.ബി.ടി അക്കൗ്,കാഷ്. ഇവയുടെ വിവരം ഒരു സ്ഥാപനത്തിന്റെ ലെഡ്ജറിലെ ഓരോ പേജിലായി കുറിക്കും. ലെഡ്ജറിലെ ഒരു പേജ് ഒരു അക്കൗിനായി നീക്കി വെച്ചിരിക്കും.

ഒരു സ്ഥാപനത്തിന്റെ ലെഡ്ജറിലെ ര് അക്കൗുകളിൽ ഒരു അക്കൗാണ് മറ്റേ അക്കൗിന് ആനുകൂല്യം നൽകുന്നത്.

അതുകൊു തന്നെ, ഏതു ധനകാര്യ ഇടപാടു നടക്കുമ്പോഴും സ്ഥാപനത്തിലെ ലെഡ്ജറുകളിലെ ര് അക്കൗുകൾക്ക് ഒരേസമയം വർദ്ധനവോ, കുറവോ സംഭവിക്കുന്നു. ര് അക്കൗുകൾ മാത്രമായി പരിമിതപ്പെടുത്തണമെന്നില്ല, ഒരു ഭാഗത്ത് ഒരു അക്കൗും മറുഭാഗത്ത് കുറേ അക്കൗുകളുമാവാം.

**ഡെബിറ്റ്, ക്രെഡിറ്റ്**

ഡെബിറ്റ്, ക്രെഡിറ്റ് എന്നീ പദങ്ങളെ സമീപിക്കുന്നത്, അവയെന്താണെന്നു മനസ്സിലാക്കാനുള്ള ആകാംക്ഷയോടെയായിരിക്കണം; തെറ്റായി മനസ്സിൽ സ്വരൂപിച്ചു വെച്ചിട്ടുള്ള മുൻ ധാരണകളെ ഈ വാക്കുകളിൽ ആരോപിക്കാൻ ശ്രമിക്കുന്നവർക്ക് തെറ്റുപറ്റിയേക്കാം.

| Particulars | Debit Amount Rs | Credit Amount Rs |
|---|---|---|
| Cash A/c Dr<br>To Entertainment Tax A/c<br>(being the collection of entertainment tax) | 1000 | 1000 |

ഉദാഹരണം 1. വിനോദ നികുതിയായി 1000 രൂപ കാഷ് ലഭിച്ചു. തദ്ദേശഭരണ സ്ഥാപനത്തിന്റെ അക്കൗിൽ വിനോദ നികുതി, കാഷ് എന്നിങ്ങനെ ര് അക്കൗുകളു്. ഇവയിൽ കാഷ് എന്ന അക്കൗിന് 1000 രൂപയുടെ ആനുകൂല്യം ലഭിച്ചു; അതിനാൽ കാഷ് അക്കൗിനെ ഡെബിറ്റ് ചെയ്യുന്നു. വിനോദ നികുതി എന്ന അക്കൗാണ് ആനുകൂല്യം നൽകിയത്. അതിനാൽ ആ അക്കൗിനെ ക്രെഡിറ്റ് ചെയ്യുന്നു. താഴെ പറയുന്ന പ്രകാരമായിരിക്കും ഇത് രേഖപ്പെടുത്തുക.

| Particulars | Debit Amount Rs | Credit Amount Rs |
|---|---|---|
| Computer A/c Dr<br>To Supplier A/c<br>(being the receipt of supply of computer) | 25000 | 25000 |

ഉദാഹരണം 2. സപ്ലൈയർ 25,000 രൂപ വിലയ്ക്കുള്ള കംപ്യൂട്ടർ നൽകി. കംപ്യൂട്ടർ ലഭിച്ചു; സ്റ്റോക്കിൽ എടുത്തു; പണം നൽകിയിട്ടില്ല, എങ്കിലും കംപ്യൂട്ടർ എന്ന ആസ്തിയിലും സപ്ലൈയർക്കുള്ള ബാദ്ധ്യതയിലും ഇപ്പോൾ സംഭവിച്ച വർദ്ധനവ് ഇപ്പോൾ തന്നെ രേഖപ്പെടുത്തണം. ആനുകൂല്യം ലഭിച്ച കംപ്യൂട്ടർ എന്ന അക്കൗിനെ ഡെബിറ്റ് ചെയ്യുന്നു; ആനുകൂല്യം നൽകിയ സപ്ലൈയർ എന്ന അക്കൗിനെ ക്രെഡിറ്റ് ചെയ്യുന്നു.

| Particulars Amount | Debit Rs | Credit Amount Rs |
|---|---|---|
| Supplier A/c Dr<br>To Bank A/c | 25000 | 25000 |

ഉദാഹരണം 3. സപ്ലൈയർക്ക് കംപ്യൂട്ടറിന്റെ വിലയ്ക്കുള്ള ചെക്ക് നൽകി (ആദായ നികുതി ഈ തുകയിൽ നിന്നു കുറയ്ക്കണമോ തുടങ്ങിയ കാര്യങ്ങൾക്കായി ഇപ്പോൾ തല പുണ്ണാക്കരുത്). ഇപ്പോൾ ആനുകൂല്യം ലഭിക്കുന്നത് സപ്ലൈയർ എന്ന അക്കൗിനാണ്; ആനുകൂല്യം നൽകുന്നതോ ബാങ്ക് എന്ന അക്കൗും (ചെക്ക് നൽകിയാലും, ചെക്ക്/ ഡിഡി എന്നിവ ലഭിച്ചാലും രേഖപ്പെടുത്തേത് ബാങ്ക് എന്ന അക്കൗിലാണ്). അതിനാൽ സപ്ലൈയർ അക്കൗിനെ ഡെബിറ്റ് ചെയ്യുന്നു; ബാങ്ക് അക്കൗിനെ ക്രെഡിറ്റ് ചെയുന്നു.

**ജേണൽ, ലെഡ്ജർ**

മേൽകാണിച്ച പ്രകാരമുള്ള രേഖപ്പെടുത്തലുകൾ ജേണൽ എൻട്രികളാണ്. ഓരോ ഇടപാടും ജേണലിൽ രേഖപ്പെടുത്തുന്നു; ജേണൽ ബുക്കിൽ ക്രമാനുഗതമായി രേഖപ്പെടുത്തുന്ന ഈ ഇടപാടുകളെ ലെഡ്ജറിലെ ബന്ധപ്പെട്ട പേജിലേക്ക്, അതായത് അക്കൗിലേക്ക് പകർത്തുന്നു. ദിനാന്ത്യത്തിലോ, മാസാന്ത്യത്തിലോ, വർഷാന്ത്യത്തിലോ, ലെഡ്ജറിലെ തുകകൾ കൂട്ടി, ബാലൻസ് എത്രയാണെന്നു രേഖപ്പെടുത്തുന്നു.

**ട്രയൽ ബാലൻസ്**

ലെഡ്ജറിലെ ഓരോ അക്കൗിലേയും ബാലൻസ് ട്രയൽ ബാലൻസിൽ രേഖപ്പെടുത്തുന്നു. ചില അക്കൗുകൾക്ക് ഡെബിറ്റ്

ബാലൻസായിരിക്കും; മറ്റു ചിലതിന് ക്രെഡിറ്റ് ബാലൻസായിരിക്കും. ഡെബിറ്റ് ബാലൻസുകളുടെ മൊത്തം തുക ക്രെഡിറ്റ് ബാലൻസുകളുടെ മൊത്തം തുകയ്ക്കു തുല്യമായിരിക്കും.

**ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്**

വരുമാനം, ചെലവ് എന്നീ അക്കൗണ്ടുകളുടെ ബാലൻസ് ലെഡ്ജറിൽ നിന്ന് ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ അക്കൗണ്ടിലേക്കു മാറ്റുന്നു. ഇത് ഒരു അക്കൗണ്ട് ആണ്; ഒരു സ്റ്റേറ്റ്മെന്റും ആണ്. വരുമാനം കൂടുതലാണെങ്കിൽ മിച്ചം; ചെലവ് കൂടുതലാണെങ്കിൽ, കമ്മി.

**ബാലൻസ് ഷീറ്റ്**

മുകളിൽ കാണിച്ച പ്രകാരം ലഭിച്ച മിച്ചം/കമ്മി, ഏതാണെങ്കിൽ അത്, ബാലൻസ് ഷീറ്റിലേക്കു മാറ്റുന്നു. ഒപ്പം ലെഡ്ജർ പ്രകാരമുള്ള ആസ്തി-ബാദ്ധ്യതകളും. ബാലൻസ് ഷീറ്റ് പ്രകാരം ആസ്തി-ബാദ്ധ്യതകൾ തുല്യമായിരിക്കും.

**കേരള മുനിസിപ്പൽ അക്കൗണ്ട്സ് മാന്വൽ**

പതിനൊന്നാം (കേന്ദ്ര)ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിയോഗിച്ച ദൗത്യസംഘം (Task Force) ദേശീയ മുനിസിപ്പൽ അക്കൗണ്ട്സ് മാന്വൽ (National Municipal Accounts Manual- NMAM) തയ്യാറാക്കി. ഈ മാന്വലിനെ ആധാരമാക്കി കേരള സർക്കാർ തയ്യാറാക്കി പ്രസിദ്ധീകരിച്ചതാണ് കേരള മുനിസിപ്പൽ അക്കൗണ്ട്സ് മാന്വൽ (KMAM).

കേരള മുനിസിപ്പൽ അക്കൗണ്ട്സ് മാന്വൽ പ്രകാരം താഴെ പറയുന്ന നാല് വൗച്ചറുകളാണ് അക്കൗണ്ടിംഗ് രേഖകൾ (Accounting Documents);

- റസീറ്റ് വൗച്ചർ
- പേയ്മെന്റ് വൗച്ചർ
- ജേണൽ വൗച്ചർ
- കോൺട്രാ വൗച്ചർ

കാഷ് ആയും, ചെക്ക്/ഡിഡി ആയുമുള്ള പണം വരവുകൾ റസീറ്റ് വൗച്ചർ വഴി രേഖപ്പെടുത്തുന്നു. കാഷ് ആയും ചെക്ക് ആയുമുള്ള പണം നൽകലുകൾ പേയ്മെന്റ് വൗച്ചർ വഴി, കാഷ് ആയും, ചെക്ക് ആയും ഉള്ളതല്ലാത്ത എല്ലാ ഇടപാടുകളും ജേണൽ വൗച്ചർ വഴി; കാഷിൽ നിന്നു ബാങ്കിലേക്കും, ബാങ്കിൽ നിന്നു കാഷിലേക്കും, ബാങ്കിൽ നിന്നും ബാങ്കിലേക്കുമുള്ള ഇടപാടുകൾ കോൺട്രാ വൗച്ചർ വഴി.

ഇവയിൽ കാഷ് മുഖേനയുള്ള റസീറ്റ്/ പേയ്മെന്റുകൾ കാഷ് ബുക്കിലും, ചെക്ക്/ട്രഷറിബിൽ വഴിയുള്ള റസീറ്റ്/പേയ്മെന്റുകൾ ബന്ധപ്പെട്ട ബാങ്ക് ബുക്കിലും രേഖപ്പെടുത്തുന്നു. കോൺട്രാ വൗച്ചർ വഴിയുള്ള ഇടപാടുകളും കാഷ്/ബാങ്ക് ബുക്കിൽ രേഖപ്പെടുത്തുന്നു. കാഷ്/ബാങ്ക് ഒഴികെയുള്ള ഇടപാടുകൾ ജേണൽ ബുക്കിലും രേഖപ്പെടുത്തുന്നു.

കാഷ്/ബാങ്ക് ബുക്കിലേയും ജേണൽ ബുക്കിലേയും ഓരോ ഇപാടിനും ഒരു പോസ്റ്റിംഗ് ലെഡ്ജറിൽ ഉായിരിക്കും. ലെഡ്ജർ ബാലൻസുകളിൽ നിന്ന് ട്രയൽ ബാലൻസ് എടുക്കുന്നു.ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ്, റസീറ്റ് ആൻഡ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, കാഷ് ഫ്ളോ സ്റ്റേറ്റ്മെന്റ് എന്നിവ മാസാന്ത്യത്തിലും വർഷാന്ത്യത്തിലും തയ്യാറാക്കുന്നു. വർഷാരംഭത്തിൽ ഡിമാൻഡിന്റെ അടിസ്ഥാനത്തിൽ, അക്രൂവൽ വരുമാനം രേഖപ്പെടുത്തുന്നു. വർഷാന്ത്യത്തിൽ ഡിപ്രിസിയേഷൻ, പ്രൊവിഷനുകൾ എന്നിവയും രേഖപ്പെടുത്തുന്നു.

**സാംഖ്യ ഡബിൾ എൻട്രി അക്കൗിംഗ് ആപ്ലിക്കേഷൻ**

കേരള മുനിസിപ്പൽ അക്കൗിംഗ് മാന്വൽ (KMAM) അടിസ്ഥാനമാക്കി ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ചെടുത്തതാണ് സാംഖ്യ ഡബിൾ എൻട്രി അക്കൗിംഗ് ആപ്ലിക്കേഷൻ. അക്രൂവൽ അടിസ്ഥാനമാക്കിയ ഡബിൾ എൻട്രി അക്കൗിംഗ് രീതിയിൽ തയ്യാറാക്കിയ കേരള പഞ്ചായത്ത് രാജ് അക്കൗിംഗ് ചട്ടങ്ങൾ സർക്കാർ ഉടൻ പുറപ്പെടുവിക്കുമെന്നും പ്രതീക്ഷിക്കുന്നു. ഈ അടിസ്ഥാനത്തിലുള്ള സാംഖ്യ - പഞ്ചായത്ത് അക്കൗിംഗ് സോഫ്റ്റ്വെയർ തയ്യാറായിട്ടു്.

ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച സാംഖ്യ സോഫ്റ്റ്വെയർ ഉപയോഗിച്ചായിരിക്കണം കേരളത്തിലെ എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും 2011 ഏപ്രിൽ 1 മുതൽ അക്കൗിംഗ് നടത്തേത് എന്ന ഉത്തരവ് സർക്കാർ പുറപ്പെടുവിച്ച് കഴിഞ്ഞു. (23/12/ 2010 ലെ ജി. ഒ (എം എസ്) 308/2010എൽ എൽ സ് ജി ഡി നമ്പർ സർക്കാർ ഉത്തരവ്).

റസീറ്റ് വൗച്ചർ, പേയ്മെന്റ് വൗച്ചർ, ജേണൽ വൗച്ചർ, കോൺട്രാ വൗച്ചർ എന്നിവ സാംഖ്യയിലെ നാല് സ്ക്രീനുകളാണ്. ഈ നാലു സ്ക്രീനുകൾ

ഉപയോഗിച്ചാണ് സാംഖ്യയിലെ മുഴുവൻ അക്കൗിംഗും നടത്തുന്നത്. കാഷ് ബുക്ക്, ജേണൽ ബുക്ക്, ലെഡ്ജർ, ട്രയൽ ബാലൻസ്, ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ് തുടങ്ങിയവ സാംഖ്യയിൽ ഓരോ റിപ്പോർട്ടുകളാണ്. ഇവയോരോന്നും ഓരോ മൗസ് ക്ലിക്കിൽ ലഭ്യമാവും. ഒരു രജിസ്റ്ററും എഴുതി സൂക്ഷിക്കേതില്ല. ഇതിന്റെ ഫലമായി ഓരോ ദിനാന്ത്യത്തിലും കാഷ്/ബാങ്ക് ബുക്കും, ഓരോ മാസാന്ത്യത്തിലും മാസാന്ത്യ കണക്കുകളും വർഷാവസാനദിവസം തന്നെ വാർഷിക അക്കൗും കൃത്യതയോടെ തയ്യാറായിരിക്കും. ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും ഏതു നിമിഷത്തിലും അക്കൗ് സംബന്ധിച്ച സമഗ്രവിവരം ലഭിക്കും

**സാംഖ്യ വിന്യസിക്കുന്നതുകൊുള്ള നേട്ടം**

ഇൻഫർമേഷൻ കേരള മിഷൻ രൂപകല്പന ചെയ്ത് വിന്യസിച്ചിട്ടുള്ള സഞ്ചയ (റവന്യൂ മൊഡ്യൂൾ), സ്ഥാപന (എസ്റ്റാബ്ലിഷ്മെന്റ് മൊഡ്യൂൾ), സുലേഖ (പ്ലാൻ മോണിറ്ററിംഗ് മൊഡ്യൂൾ), സങ്കേതം (KMBR), സേവന (സിവിൽ രജിസ്ട്രേഷൻ), സേവന (പെൻഷൻ), സചിത്ര (ആസ്തി രജിസ്റ്റർ), സുഗമ (എസ്റ്റിമേഷൻ),സൂചിക(ഫയൽ ട്രാക്കിംഗ്) തുടങ്ങിയ ആപ്ലിക്കേഷനുകളുമായി ചേർന്നു പ്രവർത്തിക്കത്തക്ക രീതിയിലാണ് സാംഖ്യ രൂപ കല്പന ചെയ്തിട്ടുള്ളത്.

ഇതിന്റെ ഫലമായി ലഭിക്കുന്ന നേട്ടത്തിന്റെ ഒരു ഉദാഹരണം മാത്രം പരിശോധിക്കാം. നികുതിദായകൻ കൗറിൽ വന്ന് വാർഡ് നമ്പർ, ഡോർ നമ്പർ എത്രയാണെന്നു പറയുമ്പോൾ ആ വ്യക്തിയുടെ ഡിമാൻഡ് സ്ക്രീനിൽ തെളിയുകയായി.

പണം ലഭിച്ച് രസീത് നൽകുന്നതോടെ സാംഖ്യ കാഷ് ബുക്കിലും ബാലൻസ് ഷീറ്റിലും തുക എത്തിച്ചേർന്നതായി രേഖപ്പെടുത്തിയിരിക്കും. അതേ നിമിഷം തന്നെ ഡിമാൻഡ് രജിസ്റ്ററിൽ കളക്ഷൻ രേഖപ്പെടുത്തി അവസാന ബാലൻസും രേഖപ്പെടുത്തിയിരിക്കും,

ഇപ്രകാരം ഏതു നിമിഷവും തദ്ദേശഭരണ സ്ഥാപനത്തിന്റെ ബാലൻസ് ഷീറ്റും ഡിസിബി സ്റ്റേറ്റുമെന്റും തയ്യാറായിരിക്കും. സർക്കാർ ആവശ്യപ്പെട്ടിട്ടുള്ള എല്ലാ റിപ്പോർട്ടുകളും ഇതോടൊപ്പം ലഭ്യമാവും. ഇതിനു പുറമേ, ലോകത്തിന്റെ ഏതുഭാഗത്തുനിന്നും ക്രെഡിറ്റ്/ ഡെബിറ്റ് കാർഡ് ഉപയോഗിച്ച് നഗരസഭയ്ക്ക് നൽകാനുള്ള നികുതി മുതലായവ അടയ്ക്കാനുള്ള ഇ - പേയ്മെന്റ് സംവിധാനം തയ്യാറായിക്കഴിഞ്ഞു. ബിൽ കളക്ടർമാർക്ക് പിരിവുനടത്തുന്നതിന് കയ്യിൽ കൊു നടക്കാവുന്ന യന്ത്രം നൽകുന്നത് സംബന്ധിച്ച നടപടികൾ ഉടനെ ആരംഭിക്കും.

ജനപ്രതിനിധികൾക്കും സർക്കാറിനും ബന്ധപ്പെട്ട മററുള്ളവർക്കും കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ കണക്കുകൾ ഏതു സമയത്തും സാംഖ്യ ആപ്ലിക്കേഷൻ വഴി വെബ് സൈറ്റിൽ ലഭ്യമാക്കാനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്.

നഗരസഭകളിലെ അക്കൗിംഗ് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സഹായിക്കാൻ ഒരു അക്കൗിംഗ് അസിസ്റ്റന്റിനെ കേന്ദ്രാവിഷ്കൃത പദ്ധതിയായ CBULB (Capacity Building of Urban Local Bodies) പ്രകാരം ഓരോ നഗര സഭയിലും നിയോഗിച്ചിട്ട്. പരിശീലനം പൂർത്തിയായി ഇവർ നഗരസഭകളിലെത്തിക്കഴിഞ്ഞു. ഇവരുടെ പ്രവർത്തനത്തിനു മേൽനോട്ടം വഹിക്കാൻ ടീം ലീഡറുടെ നേതൃത്വത്തിൽ ഡെപ്യൂട്ടി ടീം ലീഡർമാരും അക്കൗ് ഓഫീസർമാരുമു്. മേൽ സൂചിപ്പിച്ച പ്രവർത്തനങ്ങൾ വഴി മുഴുവൻ തദ്ദേശഭരണ സ്ഥാപനങ്ങളുടേയും കണക്കുകൾ കൃത്യതയോടെ തൽസമയം തയ്യാറാക്കി സൂക്ഷിക്കുന്ന സംസ്ഥാനമെന്ന് കേരളത്തിന് താമസിയാതെ അവകാശപ്പെടാം.

# ജനസേവന കേന്ദ്രങ്ങളും ഫ്രണ്ട് ഓഫീസ് സംവിധാനവും പൗരസേവനത്തിന്റെ മാറുന്ന മുഖം

ബി കുമരേശൻ

കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള മാർഗ്ഗരേഖയായിരുന്നു 2009 ജൂലായ് മാസം രാം തിയതി പുറപ്പെടുവിക്കപ്പെട്ട സർക്കാർ ഉത്തരവ്. കാര്യക്ഷമവും, സുതാര്യവും ഫലപ്രദവുമായ ഒരു ഭരണസംവിധാനം പഞ്ചായത്തുകളിൽ കെട്ടിപ്പടുക്കുന്നതിനുള്ള നടപടിയുടെ തുടക്കമായി വേണം പ്രസ്തുത ഉത്തരവിനെ കാണാൻ.

ജനങ്ങൾക്ക് മെച്ചപ്പെട്ട നിലയിലുള്ള സേവനം ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ ഫ്രണ്ട് ഓഫീസ് സംവിധാനം നിലവിൽ വന്നിട്ടുള്ള പഞ്ചായത്തുകളിൽ ആരംഭിച്ചു കഴിഞ്ഞു. ഇപ്പോൾ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നൽകുന്ന അപേക്ഷകൾക്കും പരാതികൾക്കും അപേക്ഷകന് കൈപ്പറ്റുരസീത് ലഭിക്കാറ്. രസീതിൽ ബന്ധപ്പെട്ട ഫയലിന്റെ നമ്പരും സേവനം എപ്പോൾ ലഭ്യമാകുമെന്ന വിവരവും കൃത്യമായി രേഖപ്പെടുത്തിയിട്ടുാകും. അതിൻ പ്രകാരം നിശ്ചയിക്കപ്പെട്ട സമയത്ത് സേവനം ലഭ്യമാകുമെന്ന സംവിധാനം നിലവിൽ വന്നതോടു കൂടി അപേക്ഷകന് തന്റെ അപേക്ഷയിന്മേലുള്ള തുടർനടപടിയെപ്പറ്റി അന്വേഷിച്ച് നിരന്തരം പഞ്ചായത്തോഫീസിൽ കയറിയിറങ്ങേ സാഹചര്യം ഒഴിവായി. മാത്രമല്ലാ സെക്ഷനിൽ പതിവായിരുന്ന ജനങ്ങളുടെ തിരക്കു കുറച്ചുകൊുവരുന്നതിനും ജീവനക്കാർക്ക് അവരുടെ ജോലി കൃത്യമായി ചെയ്യുന്നതിനുള്ള സാഹചര്യം സംജാതമാവുകയും ചെയ്തു. അപേക്ഷകളിന്മേൽ പഞ്ചായത്തിൻ നിന്നും നിർദ്ദിഷ്ടസേവനം ലഭിക്കുന്നതിന് ആവശ്യമായ കാലദൈർഘ്യം സംബന്ധിച്ചു എല്ലാ പഞ്ചായത്തുകളിലും പൗരാവകാശരേഖ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതിനാൽ ഇത്തരത്തിൽ സേവനം കൃത്യസമയത്തുതന്നെ ലഭിക്കുന്നു എന്ന് ഉറപ്പാക്കപ്പെടുകയും ചെയ്യുന്നു..

2009-ലാണ് പഞ്ചായത്തുകളിൽ ഈ സംവിധാനം നിലവിൽ വന്നതെങ്കിലും അതിനും 4 വർഷം മുമ്പ് 2005-ൽ തന്നെ കേരളത്തിലെ 58 നഗരസഭകളിലും ജനസേവനം മെച്ചമാക്കുക എന്ന കാഴ്ചപ്പാടോടുകൂടി ജനസേവന കേന്ദ്രങ്ങൾ പ്രവർത്തനം തുടങ്ങിയിരുന്നു. നഗരസഭയിലെ വിവിധ സെക്ഷനുകളുമായി ബന്ധപ്പെട്ട നാനാതരം സേവനങ്ങളും ഒരേ സ്ഥലത്തു തന്നെ ലഭ്യമാക്കുന്നു എന്നുള്ളതാണ് ഈ സംവിധാനത്തിന്റെ ഏറ്റവും വലിയ പ്രത്യേകത. ഉദാഹരണത്തിന് കെട്ടിട നികുതി അടയ്ക്കൽ, ജനന സർട്ടിഫിക്കറ്റ് വാങ്ങൽ, തുടങ്ങി വ്യത്യസ്തമായ പൗരാവശ്യങ്ങളെല്ലാം ജനസേവനകേന്ദ്ര സംവിധാനത്തിലൂടെ ഒരു സ്ഥലത്തുതന്നെ നിർവ്വഹിക്കപ്പെടുന്നു. ഏറ്റവും പ്രധാനപ്പെട്ട സേവനങ്ങളായ ജനനസർട്ടിഫിക്കറ്റ്, ഓണർഷിപ്പ് സർട്ടിഫിക്കറ്റ്, വിവാഹസർട്ടിഫിക്കറ്റ്, റസിഡൻസി സർട്ടിഫിക്കറ്റ്തുടങ്ങിയ എല്ലാത്തരം സർട്ടിഫിക്കറ്റുകളും ആവശ്യമായ നടപടിക്രമങ്ങൾക്കു ശേഷം ഇന്ന് ജനസേവനകേന്ദ്രങ്ങൾ മുഖേനയാണ് വിതരണം ചെയ്യുന്നത്. ജനസേവനകേന്ദ്രത്തിൽ തന്നെ വസ്തുനികുതി, തൊഴിൽകരം തുടങ്ങിയ നികുതികളും അടയ്ക്കുന്നതിന് സൗകര്യമൊരുക്കിയിരിക്കുന്നു വസ്തുനികുതി ഇ-പേയ്മെന്റ് വഴി അടക്കാനുള്ള സൗകര്യവും ഇന്ന് പല നഗരസഭകളിലും ലഭ്യമായിട്ടു. തന്മൂലം സേവനം ലഭിക്കാനായി നഗരസഭയുടെ വിവിധ സെക്ഷനുകളിൽ കയറിയിറങ്ങേ

ബാദ്ധ്യതയില്ലാതായിരിക്കുന്നു. വിവിധാവശ്യ ങ്ങൾക്കായി ജനസേവനകേന്ദ്രങ്ങളിൽ എത്തുന്ന പൊതുജനങ്ങൾക്കായി ഇരിപ്പിടങ്ങൾ, കുടിവെള്ളം, ടോയ്ലറ്റ് തുടങ്ങിയ ഭൗതിക സൗകര്യങ്ങളും ജനസേവനകേന്ദ്രങ്ങളോടനുബന്ധിച്ച് ഒരുക്കിയിട്ടു്. പല ജനസേവനകേന്ദ്രങ്ങളും ശീതീകരിച്ചതുമാണ്. ചില ജനസേവനകേന്ദ്രങ്ങളിൽ ക്യൂ നിൽക്കുന്ന രീതിക്കു പകരം ടോക്കൻ സമ്പ്രദായവും ഇലക്ട്രോണിക് സംവിധാനമായ ക്യൂ മാനേജ്മെന്റ് സിസ്റ്റവും ഉ്. ജനസേവന കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾക്കാവശ്യമായ എല്ലാ സാങ്കേതിക സഹായവും ഇൻഫർമേഷൻ കേരളാ മിഷനാണ് നൽകി വരുന്നത്. നഗരസഭകളിൽ കമ്പ്യൂട്ടർവൽക്കരണം ഫലപ്രദമായി നടപ്പിലാക്കുക വഴി ദൈനംദിന ഓഫീസ് പ്രവർത്തനങ്ങൾ സുതാര്യവും, അഴിമതിരഹിതമാക്കാനും തദ്വാരാ തൃപ്തികരമായ ജനസേവനം നൽകിക്കൊ് മെച്ചപ്പെട്ടതും, സർവ്വോപരി ഗുണനിലവാരമുള്ളതുമായ ഒരു സേവന സമ്പ്രദായം ചിട്ടപ്പെടുത്തി എടുക്കാനും കഴിഞ്ഞിട്ടു്.

കമ്പ്യൂട്ടർവൽക്കരണം നടപ്പിലായതോടുകൂടി തദ്ദേശഭരണ സ്ഥാപനങ്ങളിലാകെ തന്നെ അടുക്കും ചിട്ടയുമുള്ള ഒരു ഭരണസംവിധാനം നിലവിൽ വരികയും ചെയ്തു. ബന്ധപ്പെട്ട വിവരങ്ങൾക്കായി പഴയ റിക്കാർഡുകളും ഫയലുകളും പരതുന്ന ബുദ്ധിമുട്ട് ഇന്ന് ഒഴിവായിരിക്കുന്നു. എല്ലാ വിവരങ്ങളും വേഗത്തിലും കൃത്യമായും ലഭ്യമാകുന്ന സാഹചര്യം ഇന്നു്. തന്മൂലം പൊതുജനങ്ങൾക്കും ജീവനക്കാർക്കുമിടയില്ല ഊഷ്മളവും ആരോഗ്യ കരവുമായ ഒരന്തരീക്ഷം സൃഷ്ടിച്ചെടുക്കാനും കഴിഞ്ഞിട്ടു്. പൊതുജനങ്ങളോടുള്ള ജീവന ക്കാരുടെ പെരുമാറ്റത്തിലും സ്വാഗതാർഹമായ മാറ്റങ്ങൾ വന്നുകഴിഞ്ഞു. നഗരസഭകളിലെ ജനസേവന കേന്ദ്രങ്ങൾ ജനസൗഹൃദകേന്ദ്രങ്ങൾ കൂടിയായി മാറുന്ന കാഴ്ചയാണ് ഇന്ന് പൊതുവെ കാണുവാൻ കഴിയുന്നത്. സേവനം തേടി വരുന്ന ജനത്തിനെ അകറ്റി നിർത്തി ബുദ്ധിമുട്ടിക്കുന്ന സമ്പ്രദായം പാടെ മാറിയിരിക്കുന്നു. ഉദ്യോഗസ്ഥരും ജനങ്ങളും ഒരു മേശക്ക് അപ്പുറത്തും ഇപ്പുറത്തുമിരുന്ന് സേവനം നൽകുന്നതും തേടുന്നതും ജനസേവനകേന്ദ്രങ്ങളിൽ ഇന്നൊരു പതിവുകാഴ്ചയാണ്. ഈ സംവിധാനം ഇനിയും മെച്ചപ്പെടുത്തി കൂടുതൽ കുറ്റമറ്റതാക്കി കൊുപോകാൻ നമുക്ക് കഴിയേതു്.

# വികേന്ദ്രീകൃത വികസനം ചിട്ടപ്പെടുത്തുമ്പോൾ

സി.പി.നാരായണൻ

കഴിഞ്ഞ 13 വർഷത്തിനിടയ്ക്ക് ഏതാ് 15,000 കോടി രൂപ സ്വന്തം പദ്ധതികളിലൂടെയും അതിന്റെ പകുതിയോളം തുക വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയും കേരളത്തിലെ ത്രിതല പഞ്ചായത്തുകളും നഗരസഭകളും കൂടി ചെലവഴിച്ചു. കേരളത്തിലെ അധികാര-വിഭവ വികേന്ദ്രീകരണങ്ങളുടെ സത്ഫലങ്ങളാണവ. ഇവിടത്തെ വികസനത്തിനു വേറിട്ടൊരു പാതയു□ാക്കിയത് ഇത്തരം പ്രവർത്തനങ്ങൾക്ക് അടിത്തറ പാകിയ ഭരണഘടനയുടെ 73, 74 ഭേദഗതികളും അവയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പഞ്ചായത്ത് മുനിസിപ്പൽ നിയമങ്ങളും തദ്ദേശഭരണസ്ഥാപനങ്ങൾക്ക് സംസ്ഥാനത്തിന്റെ വാർഷിക പദ്ധതിയുടെ മൂന്നിലൊന്നു അടങ്കൽ തുക നീക്കിവെക്കാനുള്ള രാഷ്ട്രീയമായ തീരുമാനവുമായിരുന്നു.

കേന്ദ്രഗവൺമെന്റ് ഭരണഘടനാ ഭേദഗതിയിലൂടെ ചില അധികാരങ്ങൾ സംസ്ഥാനങ്ങളിൽ നിന്നെടുത്ത് തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് പകർന്നു കൊടുക്കാൻ തീരുമാനിക്കുന്നതിനു മുമ്പുതന്നെ ഗ്രാമ പഞ്ചായത്തുകൾക്ക് പരിമിതമായ തോതിൽ വിഭവങ്ങളും അധികാരവും കേരള സർക്കാർ കൈമാറിയിരുന്നു. 1990 ൽ ജില്ലാകൗൺസിൽ നിയമം നടപ്പാക്കി തിരഞ്ഞെടുപ്പു നടത്തി കൗൺസിലുകളെ നിലവിൽ വരുത്തിയിരുന്നു. അങ്ങനെ നോക്കിയാൽ കേരളത്തിലെ അധികാരവികേന്ദ്രീകരണത്തിനു അതിന്റേതായ ചരിത്രമു്. അതാകട്ടെ, 1957 ലെ ഗവൺമെന്റ് വരെ നീു കിടക്കുന്നതുമാണ്. ആ ഗവൺമെന്റ് മുമ്പ് മദിരാശി സംസ്ഥാനത്ത് നിലവിലുരുന്ന ജില്ലാ ഗാർഡുകളുടെ മാതൃകയിൽ കേരളത്തിലും ജില്ലാഗാർഡുകൾ രൂപീകരിക്കുന്നതിനായി ഒരു ബിൽ തയ്യാറാക്കിയിരുന്നു. ആ ഗവൺമെന്റ് കാലാവധി പൂർത്തിയാക്കുന്നതിനു മുമ്പ് പിരിച്ചുവിടപ്പെട്ടതിനാൽ അത് നിയമമാക്കി നടപ്പാക്കപ്പെട്ടില്ല. പിന്നീടു അത്തരം മുൻകൈകൾ പലതും ഉായെങ്കിലും എല്ലാ രാഷ്ട്രീയകക്ഷികളും അവയെ അംഗീകരിക്കാതിരുന്നതിനാൽ സ്ഥായിയായി അധികാര വികേന്ദ്രീകരണം ഇവിടെ നടപ്പായില്ല.

പാർലമെന്റ് പാസാക്കിയ 73,74 ഭരണഘടനാ ഭേദഗതികൾ അവയിൽ വിഭാവനം ചെയ്യപ്പെട്ടതിനപ്പുറം പോയി നടപ്പാക്കുന്നതിനു കേരള ഗവൺമെന്റ് മുതിർന്നത് ഈ പശ്ചാത്തലത്തിലാണ്. വിവിധ സംസ്ഥാനങ്ങളിലെ പല വലതുപക്ഷ ഗവൺമെന്റുകളും പൊതുവിൽ തദ്ദേശഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് യഥാകാലം നടത്താതിരിക്കുകയും നടത്തിയ സ്ഥലങ്ങളിൽ അവയ്ക്കു ഭരണഘടന വിഭാവനം ചെയ്യുന്ന അധികാരങ്ങൾ കൈമാറാതിരിക്കുകയും ചെയ്തു കൊിരിക്കുമ്പോഴാണ് കേരളത്തിൽ യഥാക്രമം തദ്ദേശതിരഞ്ഞെടുപ്പു നടത്തുകയും സംസ്ഥാനത്തിന്റെ പല അധികാരങ്ങളും അതു വഴി നിലവിൽ വരുന്ന ഭരണസമിതികൾക്ക് കൈമാറുകയും ചെയ്തത്. മാത്രല്ല സംസ്ഥാന വാർഷികപദ്ധതിയടെ 22-28 ശതമാനം അവയ്ക്കു സ്വതന്ത്രമായി കൈകാര്യം ചെയ്യാൻ 13 വർഷമായി കൊടുത്തുവരികയും ചെയ്യുന്നു. ഈ രീതിയിൽ 73,74 ഭരണഘടനാ ഭേദഗതിളെ മറ്റ് സംസ്ഥാനങ്ങൾ നടപ്പാക്കിയിട്ടില്ല.

അധികാരവും വിഭവങ്ങളും കൈമാറിയതിനൊപ്പം അവയെ കൈകാര്യം ചെയ്യുന്നതിനു ആവശ്യമായ ജീവനക്കാരെ കൂടി സംസ്ഥാന ഗവൺമെന്റ് താഴോട്ട് കൈമാറിയിട്ടില്ല. അതിനെക്കുറിച്ച് ധാരണ ഇല്ലാതിരുന്നിട്ടല്ല. സെൻ കമ്മിറ്റി ശുപാർശകൾ വായിക്കുന്നവർക്ക് ആ പ്രശ്നത്തെക്കുറിച്ച് ചിന്തിക്കുവാൻ വ്യക്തമായ രൂപരേഖ ഉായിരുന്നു എന്നുകാണാം. എന്നാൽ, അധികാരവികേന്ദ്രീകരണം ഫലപ്രദമായും സ്ഥായിയായും നടപ്പാക്കരുത് എന്ന് ആശിച്ചവരും മറ്റും സെൻ കമ്മിറ്റി ശുപാർശകൾ നടപ്പാക്കുന്നതിനു പല തടസ്സങ്ങളും ഉയർത്തി കൂട്ടുകക്ഷി മന്ത്രിസഭകളാണ് കഴിഞ്ഞ 50 വർഷമായി കേന്ദ്രത്തിൽ നിലനിൽക്കുന്നത്. അതിനാൽ അധികാര വികേന്ദ്രീകരണത്തിനു ആവശ്യമായ വിവിധ നടപടികൾ കൈക്കൊള്ളുന്നതിനു ഭരണ മുന്നണികളിൽ നിന്നു തന്നെ തടസ്സവാദങ്ങൾ ഉയർന്നുകൊിരുന്നു.

എന്നാൽ, ഒരിക്കൽ നൽകപ്പെട്ട അധികാരം തിരിച്ചെടുക്കാനോ വിഭവം ഓരോ വർഷവും കൊടുക്കുന്നത് തടയാനോ ആരും ധൈര്യപ്പെട്ടിട്ടില്ല. അതിനു കാരണം അധികാരവികേന്ദ്രീകരണത്തിന്റെ പ്രയോജനം ഗ്രാമപഞ്ചായത്ത് മുനിസിപ്പൽ നിലവാരങ്ങളിലുള്ള ജനസാമാന്യം തിരിച്ചറിഞ്ഞതും അവയെ സംസ്ഥാന ഗവൺമെന്റ് തിരിച്ചെടുക്കുന്നതിനെ എതിർത്തതുമാണ്. കേരളത്തിലെ അഭ്യസ്തവിദ്യരായ ജനങ്ങൾക്ക് പൊതുപ്രശ്നങ്ങളിൽ താൽപ്പര്യമില്ല, അവർ പൊതുവിൽ രാഷ്ട്രീയമില്ലാത്തവരാണ് എന്നെല്ലാമുള്ള വിലയിരുത്തലുകളുടെ ഉപരിപ്ലവതയെയാണ് ഇത് വെളിവാക്കുന്നത്..

സ്വാതന്ത്ര്യം ലഭിച്ച് അമ്പതോളം വർഷം കഴിയുമ്പോഴാണ് ജനകീയാസൂത്രണവും പുതിയ രീതിയിലുള്ള അധികാരവികേന്ദ്രീകരണവും നടപ്പാക്കുന്നത്. അതിനു ശേഷമുള്ള പതിനഞ്ച് വർഷങ്ങൾക്കിടയിൽ മുമ്പ് അൻപത് വർഷം കൊു ഗ്രാമപ്രദേശങ്ങളിൽ നടപ്പാക്കാൻ കഴിയാത്ത പലതും നടപ്പാക്കപ്പെട്ടു. ജനാധിപത്യത്തിന്, ജനപങ്കാളിത്തത്തിന് അവരുടെ കൂട്ടായ്മക്ക് ഈ കാലയളവിൽ പുതിയ അർഥതലങ്ങൾ കേരളത്തിൽ കത്തെുകയും പ്രയോഗത്തിൽ വരുത്തുകയും ചെയ്തു കൊിരിക്കുന്നു. ഇതെല്ലാം വഴി ഗ്രാമതലങ്ങളിൽ വിവിധ ദിശകളിൽ എന്തെന്ത് പുരോഗതി കൈവരിക്കാമെന്നു അടുത്തകാലത്ത് നടത്തപ്പെട്ട ഗ്രീൻകേരള എക്സ്പ്രസ് എന്ന റിയാലിറ്റിഷോ ലോകമെങ്ങുമുള്ള മലയാളികളെ ബോധ്യപ്പെടുത്തി. റിയാലിറ്റിഷോയ്ക്ക് പുതിയ മാനങ്ങൾ അതുവഴി കൈവന്നു.

ഇത്തരം നേട്ടങ്ങൾ ചൂക്കാണിക്കുന്നതോടൊപ്പം ഉദ്യോഗസ്ഥരെ ആവശ്യമായ തോതിൽ കീഴോട്ട് വിന്യസിക്കുക, ജനപങ്കാളിത്തം വിപുലമായി ഉറപ്പാക്കുക, ആസൂത്രണത്തെ പഞ്ചായത്തുകളിൽ സൂക്ഷ്മതലങ്ങളിൽ പ്രയോഗിക്കുന്നതിലെ ബാലാരിഷ്ടകൾ തരണം ചെയ്യുക മുതലായവ പല കടമ്പകളും അധികാരവികേന്ദ്രീകരണം കടക്കേതു് എന്ന് ഓർമ്മിക്കേിയിരിക്കുന്നു. കേന്ദ്ര-സംസ്ഥാനതലങ്ങളിൽ ആസൂത്രണ പ്രവർത്തനങ്ങളിലേക്ക് ആസൂത്രണകമ്മീഷൻ/ബോർഡ്, വിവിധ വകുപ്പുകളിൽ വിദഗ്ധരായ ഉദ്യോഗസ്ഥർ എന്നിങ്ങനെ ഒരു വലിയ സംവിധാനം നിലവിലു്. സർക്കാരിന്റെ നാനാവകുപ്പുകളിലെ ഒട്ടനവധി ഉദ്യോഗസ്ഥർ പൂർണമായോ ഭാഗികമായോ അതിനെ സഹായിക്കുകയും ചെയ്യുന്നു.

എന്നാൽ, താഴെ തട്ടുകളിൽ ഇത്തരം ഏർപ്പാടുകളൊന്നുമില്ല. അത്രസമയം ജനങ്ങളും നിരവധി ജനപ്രതിനിധികളും പങ്കാളികളാകുമ്പോൾ നിരവധി പദ്ധതികൾക്ക് രൂപം നൽകപ്പെടും. ജനകീയാസൂത്രണത്തിന്റെ ഭാഗമായി കേരളത്തിലെ ത്രിതല പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കൂടി ഒന്നരലക്ഷത്തിൽപരം പ്രോജക്ടുകളാണ് ഓരോ വർഷവും ആവിഷ്ക്കരിക്കുന്നത്. ഇവ പരിശോധിക്കുന്നതിനു തയ്യാറാക്കികൊടുക്കാൻ, പരിശോധകർ നൽകുന്ന നിർദ്ദേശങ്ങൾ ഭരണസമിതിക്ക് ലഭ്യമാക്കാൻ, കറ തീർത്ത പ്രോജക്ടുകൾ ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കാൻ ഒക്കെ ആളുകൾ വേണം. അല്ലെങ്കിൽ സാങ്കേതിക വൈദഗ്ദ്യവമുള്ള ആളുകൾ വേണം.

ആളുകൾ മാത്രമല്ല, തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിവരങ്ങൾ മേലോട്ടും കീഴോട്ടും യഥാസമയം കൊടുക്കുന്നതിനു കമ്പ്യൂട്ടർ സംവിധാനം വേണം. ഈ തിരിച്ചറിവ് ആദ്യം തന്നെ ഉായതുകൊാണ് ഈ തലത്തിൽ ആദ്യം മുതൽക്കേ കമ്പ്യൂട്ടർവൽക്കരണം നടപ്പാക്കാൻ സർക്കാർ മുതിർന്നത്. അതിനുവേിയാണ് ഇൻഫർമേഷൻ കേരള മിഷൻ രൂപീകരിക്കപ്പെട്ടത്.

ഇത് സ്ഥായിയായ ഏർപ്പാടായിട്ടല്ല വിഭാവനം ചെയ്തത്. പിന്നീട് പഞ്ചായത്ത് ജീവനക്കാരും മറ്റും ഈ സാങ്കേതിക വിദ്യ പ്രയോഗിക്കുന്നതിൽ കൃത്യഹസ്തരാകണം. പക്ഷെ, തുടക്കത്തിൽ അവർക്ക് അതിനു കഴിയില്ല. അതിനുവേി സംസ്ഥാനതലം മുതൽ പഞ്ചായത്ത്തലം വരെ സാങ്കേതിക-സാമൂഹ്യവിവരം ശേഖരിച്ചു. ഇത് കൈകാര്യം ചെയ്യാൻ ആവശ്യമായ സോഫ്റ്റ്വെയർ ഉൾപ്പെടെ അവർ ആവിഷ്കരിച്ച് ആവശ്യമായവർക്ക് അക്കാര്യത്തിൽ പരിശീലനം നൽകി. ഇന്ത്യയിലെ പഞ്ചായത്ത് സംവിധാനത്തിനാകെ മാതൃക എന്നു പറയാവുന്ന സമ്പ്രദായവും സംവിധാനവും ഐ.കെ.എമ്മിൽ പ്രവർത്തിക്കുന്നവർ രൂപപ്പെടുത്തി. അതിനു അവർക്ക് പല അംഗീകാരങ്ങളും ലഭിച്ചു.

അധികാരവികേന്ദ്രീകരണത്തിനും ജനകീയാസൂത്രണത്തിനും മാത്രമല്ല, ആസൂത്രണ നിർവഹണ സംവിധാനങ്ങൾക്കാകെ മാതൃകയായ പ്രവർത്തനങ്ങളാണ് ഇതിന്റെ പേരിൽ നടന്നുകൊിരിക്കുന്നത്. ഇത് തിരിച്ചറിഞ്ഞ് ആവശ്യമായ പാഠങ്ങൾ ബന്ധപ്പെട്ടവർക്ക് ഉൾക്കൊള്ളേതു്. എന്തെല്ലാം പോരായ്മകൾ ഉങ്കിലും പഞ്ചായത്തുകളും, മുനിസിപ്പാലിറ്റികളും അവയെ സഹായിക്കുന്ന ഐ.കെ.എം സംവിധാനവും ഇതിനകം ചെയ്ത കാര്യങ്ങൾ കൃതാർഥതയ്ക്കും തുടർന്നങ്ങോട്ടുള്ള പ്രവർത്തനങ്ങൾക്കുള്ള പ്രചോദനങ്ങൾക്കും വക നൽകുന്നു.

# അഞ്ചു വയസ്സ് തികഞ്ഞ ഹോസ്പിറ്റൽ കിയോസ്കുകൾ

പി സുരേന്ദ്രൻ പിള്ള

ജനന - മരണങ്ങളിൽ ബഹുഭൂരിപക്ഷവും ഇന്ന് ആശുപത്രികളിലാണ് നടക്കുന്നത്. ഇതിൽതന്നെ ഭൂരിഭാഗവും നടക്കുന്നത് സർക്കാർ ആശുപത്രികളിലാണ്. ജനനമോ മരണമോ നടന്നാൽ 21 ദിവസത്തിനുള്ളിൽ, ഗ്രാമപ്രദേശങ്ങളിൽ നടക്കുന്നവ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിലും, നഗര പ്രദേശങ്ങളിൽ നടക്കുന്നവ ബന്ധപ്പെട്ട മുനിസിപ്പാലിറ്റിയിൽ/കോർപ്പറേഷനിൽ റിപ്പോർട്ട് ചെയ്യാൻ നിയമം അനുശാസിക്കുന്നു. ആശുപത്രികളിൽ നടക്കുന്നവ ആശുപത്രി അധികൃതരാണ് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യേത്.

ആശുപത്രിയിൽ നടക്കുന്ന ജനനമരണങ്ങൾ സമയാസമയം റിപ്പോർട്ട് ചെയ്യാനും, രജിസ്ട്രേഷൻ വിവരങ്ങളിലെ ഗുണത ഉറപ്പുവരുത്തുന്നതിനും വേിയാണ് ഇൻഫർമേഷൻ കേരള മിഷൻ **സേവന ഹോസ്പിറ്റൽ കിയോസ്ക് ആപ്ലിക്കേഷൻ സോഫ്റ്റ് വെയർ** വികസിപ്പിച്ചിട്ടുള്ളത്. ജനനമോ, മരണമോ നടന്നാൽ ഉടൻ തന്നെ അവ ഇലക്ട്രോണിക്ക് സംവിധാനത്തിലൂടെ രജിസ്റ്റർ ചെയ്ത് 24 മണിക്കൂറിനുള്ളിൽ ആശുപത്രി അധികൃതർ മുഖാന്തിരം സെക്ഷൻ 12 സർട്ടിഫിക്കറ്റ് നൽകാൻ ഇതിലൂടെ കഴിയുന്നു. ബന്ധപ്പെട്ടവർ ആശുപത്രി വിടുന്നതിന് മുമ്പുതന്നെ സംഭവം രജിസ്റ്റർ ചെയ്ത് ഒരു വെരിഫിക്കേഷൻ റിപ്പോർട്ട് പ്രിന്റ് ബന്ധപ്പെട്ടവർക്ക് നൽകി പരിശോധിച്ച് വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തിയതിന് ശേഷം ഈ രജിസ്ട്രേഷൻ ഇലക്ട്രോണിക് സംവിധാനത്തിലൂടെ തദ്ദേശസ്ഥാപനത്തിന് കൈമാറുകയാണ് ചെയ്യുന്നത്. രജിസ്ട്രാർ ഇത് പരിശോധിച്ച് അധികാരപ്പെടുത്തിയ ശേഷമാണ് സെക്ഷൻ 12 സർട്ടിഫിക്കറ്റ് തയ്യാറാക്കി ആശുപത്രി അധികൃതർക്ക് എത്തിക്കുന്നത്.

ഇൻഫർമേഷൻ കേരള മിഷന്റെ സാങ്കേതിക സഹായത്തോടെയാണ് ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളും ആശുപത്രികളും സംയുക്തമായി ഈ പരിപാടി നടപ്പിലാക്കുന്നത്. സർക്കാർ ആശുപത്രികളിൽ ഈ കിയോസ്ക്ക് സ്ഥാപിക്കുന്നതി നാവശ്യമായ എല്ലാ പശ്ചാത്തല ഭൗതിക സൗകര്യങ്ങളും ഇൻഫർമേഷൻ കേരള മിഷനാണ് ഒരുക്കിയിരിക്കുന്നത്. എന്നാൽ സ്വകാര്യ ആശുപത്രികളിൽ പശ്ചാത്തലസൗകര്യങ്ങൾ ഇൻഫർമേഷൻ കേരളമിഷന്റെ സാങ്കേതിക സഹായത്തോടെ ആശുപത്രി മാനേജ്മെന്റ് തന്നെ നിർവ്വഹിച്ചിരിക്കുന്നത്.

പിന്നീട് കിയോസ്കിന്റെ നടത്തിപ്പിന്റെ ചുമതല കുടുംബശ്രീയെ ഏൽപ്പിക്കുകയുായി തദ്ദേശഭരണസ്ഥാപനവും കുടുംബശ്രീയും തമ്മിലുള്ള ഒരു ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിലാണ് ഇതിന്റെ പ്രവർത്തനങ്ങൾ നടക്കുന്നത്. ഇതിനുള്ള സാങ്കേതിക സഹായം ഐ കെ എം ലഭ്യമാക്കുന്നു.

2005ൽ 5 കോർപ്പറേഷനുകളിൽ മാത്രമായി ആരംഭിച്ച ഈ സംവിധാനം വളരെ ജനോപകാര പ്രദമാണെന്ന് ബോധ്യമായതനാൽ 2006ൽ മുനിസിപ്പാലിറ്റികളിലും തുടർന്ന് ഗ്രാമപഞ്ചായത്തുകളിലും നടപ്പിലാക്കി. സംസ്ഥാനത്ത് 5 കോർപ്പറേഷനുകളിലും 31 മുനിസിപ്പാലിറ്റികളിലും 49 ഗ്രാമപഞ്ചായത്തുകലിലുമായി 356 ഹോസ്പ്പിറ്റൽ കിയോസ്കുകൾ പ്രവർത്തിക്കുന്നു. ഇതിൽ 62 എണ്ണം സർക്കാർ ആശുപത്രികളിലും 29 എണ്ണം സ്വകാര്യ ആശുപത്രികളിലുമാണ്.

# ഇ ഗവേണൻസ് പരിശീലനങ്ങൾ

**ടി പി സുധാകരൻ**

തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും ജനപ്രതിനിധികൾക്കുമുള്ള പരിശീലങ്ങൾ കിലയുടെ നേതൃത്വത്തിലാണ് ഇപ്പോൾ നടന്നു വരുന്നത്. പരിശീലനത്തിന്റെ നടത്തിപ്പ്, ഭൗതിക സൌകര്യങ്ങൾ തയ്യാറാക്കൽ തുടങ്ങിയവയുടെ ഉത്തരവാദിത്തം കിലയ്ക്കാണ്. പരിശീലനത്തിന് ആവശ്യമായ ഉള്ളടക്കം തയ്യാറാക്കൽ, പരിശീലന സാമഗ്രികൾ തയ്യാറാക്കൽ, മാസ്റ്റർ ട്രെയിനർമാരുടെയും ട്രെയിനർമാരുടെയും പരിശീലനം തുടങ്ങിയ കാര്യങ്ങൾ ഐകെഎമ്മിന്റെ ഉത്തരവാദിത്തത്തിലാണ് നടക്കുന്നത്. കമ്പ്യൂട്ടർ അടിസ്ഥാന പരിശീലനം, ഇന്റർനെറ്റ്, വെബ്സൈറ്റിൽ വിവരങ്ങൾ പുതുക്കി ചേർക്കൽ, ഐകെഎം വികസിപ്പിച്ച വിവിധ ആപ്ലിക്കേഷൻ സോഫ്റ്റ്വെയർ പരിശീലനം എന്നിവയാണ് പ്രധാനമായും ജീവനക്കാർക്ക് നൽകുന്നത്. സ്വതന്ത്രസോഫ്റ്റ്വെയറിൽ എഴുത്തുകൾ തയ്യാറാക്കുന്ന റൈറ്റർ, കണക്കുകൾ തയ്യാറാക്കുന്നതിനു കാൽക്ക്, വിവിധ കാര്യങ്ങൾ അവതരിപ്പിക്കുന്ന ഇമ്പ്രെസ്സ് തുടങ്ങിയവയാണ് ഇപ്പോൾ അടിസ്ഥാന പരിശീലനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന കാര്യങ്ങൾ.

ജനപ്രതിനിധികളുടെ പരിശീലനത്തിലാകട്ടെ കമ്പ്യൂട്ടർ അടിസ്ഥാനപരിശീലനവും ഇന്റർനെറ്റ് പരിശീലനവും നൽകുന്നതോടൊപ്പം ഐ കെ എം ആപ്ലിക്കേഷൻ സോഫ്റ്റ്വെയർ നന്നായി ഉപയോഗപ്പെടുത്തുന്ന ഗുരുവായൂർ മുനിസിപ്പാലിറ്റി, തിരുവനന്തപുരം കോർപറേഷൻ തുടങ്ങിയ തദ്ദേശ ഭരണസ്ഥാപനത്തിലേക്ക് ഒരു ഫീൽഡ് സന്ദർശനവും ഉൾപ്പെടുത്തിയിട്ടു്. അതോടൊപ്പം തദ്ദേശഭരണസ്ഥാപനത്തിൽ ഉപയോഗിക്കുന്ന പ്രധാന ആപ്ലിക്കേഷൻ സോഫ്റ്റ്വെയറുകൾ പരിചയപ്പെടുത്താനും ശ്രമിക്കുന്നു്.

ഐ കെ എം ജീവനക്കാർക്ക് ആപ്ലിക്കേഷൻ വിന്യാസത്തിനും സംരക്ഷണത്തിനും പരിപാലനത്തിനുമുള്ള സാങ്കേതിക പരിശീലനത്തിന് പുറമേ അവരുടെ വ്യക്തിത്വവികസനം ലക്ഷ്യമാക്കിയുള്ള പരിശീലനങ്ങളും നടത്തുകയുായി. ഡോ. ചന്ദ്രപ്രസാദ് ശ്രീധറിന്റെ നേതൃത്വത്തിൽ പന്ത്രു ബാച്ചുകളിലായി നടന്ന പ്രസ്തുത പരിശീലനത്തിൽ 408 ജീവനക്കാർ പങ്കെടുക്കുകയുായി.ഈ പരിശീലനത്തിലും ഇ ഗവേർണൻസ് ഒരു പ്രത്യേക വിഷയമായി കൈകാര്യം ചെയ്തു. ദേശീയ തലത്തിലും കേരളത്തിലും നടക്കുന്ന ഇ ഗവേർണൻസ് സംരംഭങ്ങളും ഐ കെ എം ന്റെ നേതൃത്വത്തിൽ നടക്കുന്ന പ്രവർത്തനങ്ങളും അതിന്റെ പ്രാധാന്യവും ഇവിടെ അവതരിപ്പിച്ചു ചർച്ച ചെയ്തു.

പഞ്ചായത്ത്-നഗരകാര്യവകുപ്പിലെ ഉദ്യോഗസ്ഥർക്കുള്ള ഇ ഗവേർണൻസ് പരിശീലനം മാർച്ച് ആദ്യവാരത്തിൽ നടത്താനുള്ള തയ്യാറെടുപ്പുകൾ നടന്നു വരുന്നു.

# ഇ- ഗവവേർണൻസും സാമൂഹ്യ സുരക്ഷാ പെൻഷനുകളും

എ.എം.മോഹനൻ നായർ,
അരുൺ ആന്റണി


അസംഘടിതരും ആലംബഹീനരും ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുമായ അവശ ജനവിഭാഗങ്ങളുടെ ജീവിതസുരക്ഷ ഉറപ്പു വരുത്തുന്നതിനായി വിപുലമായ സാമൂഹ്യസുരക്ഷാ നടപടികൾ കൈക്കൊിട്ടുള്ള സംസ്ഥാനമാണ് കേരളം. വിവധ ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്ന തിലുള്ള പ്രതിജ്ഞാബദ്ധതയുടെ കാര്യത്തിൽ മാത്രമല്ലാ, അതിനുവേി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളുടെ കാര്യത്തിലും കേരളം, മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച ബഹുദൂരം മുന്നിലാണ്. 1992-ലെ 73, 74 ഭരണഘടനാ ഭേദഗതികളുടെ അടിസ്ഥാനത്തിലാണ്, 1995 മുതൽ സാമൂഹ്യ സുരക്ഷാ പരിപാടികളുടെ നടത്തിപ്പുചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു കൈമാറ്റം ചെയ്യപ്പെട്ടത്. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി ഇപ്പോൾ ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെയാണ്, ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, അഗതി/വിധവാ പെൻഷൻ, മാനസികമായും ശാരീരികമായും അവശത നേരിടുന്നവർക്കുള്ള പ്രത്യേക പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ, 50 വയസ്സിനുമേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ തൊഴിൽരഹിത വേതനം എന്നിവയെല്ലാം നൽകിവരുന്നത്. ഇത്തരം ആനുകൂല്യങ്ങളുടെ വിതരണം കൂടുതൽ കാര്യക്ഷമവും ക്രമബദ്ധവും സമയബന്ധിതവുമായി നടത്തുന്നതിനാണ്, നിലവിലുള്ള നടപടി ക്രമങ്ങൾ ഇലക്ട്രോണിക് സംവിധാനത്തിലൂടെയാക്കാൻ സർക്കാർ തീരുമാനിച്ചത്. അതിന്റെ ഭാഗമായാണ് ഇൻഫർമേഷൻ കേരള മിഷൻ സേവന പെൻഷൻ എന്ന ആപ്ലിക്കേഷൻ സോഫ്റ്റ്വെയർ വികസിപ്പിച്ചെടുക്കുകയും അതുപയോഗിച്ച് സുരക്ഷാ പെൻഷൻ നടപടിക്രമങ്ങൾ ഇലക്ട്രോണിക് സംവിധാനത്തിലൂടെ നടപ്പിലാക്കുവാനുമാരംഭിച്ചത്. കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും ഗ്രാമപഞ്ചായത്തുകളിലും സമഗ്രമായ വിവരവ്യൂഹം തയ്യാറാക്കി, പ്രസ്തുത ആപ്ലിക്കേഷൻ സോഫ്റ്റ്വെയർ ഉപയോഗിച്ചുകൊ്, ഇന്ന് പെൻഷൻ വിതരണം സമയബന്ധിതമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടു്. മുൻകാലങ്ങളിൽ ഫയലുകളുടെയും എഴുത്തുകുത്തുകളുടെയും സങ്കീർണ്ണമായ നടപടിക്രമങ്ങളിലും കാലതാമസത്തിലും കുരുങ്ങിക്കിടന്നിരുന്ന പെൻഷൻ വിതരണം. സമയനഷ്ടം ഒഴിവാക്കിക്കൊ് നടപടി ക്രമങ്ങൾ പൂർത്തിയാക്കി, ഗുണഭോക്താക്കൾക്ക് നിർദ്ദിഷ്ട സമയ പരിധിക്കുള്ളിൽ നൽകുന്നതിന് ഇതിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു സാധ്യമായിട്ടു്.

നിലവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്തുകിട്ടിയിരിക്കുന്ന സാമൂഹ്യസുരക്ഷാ പെൻഷൻ നടത്തിപ്പ്, മുൻകാലത്ത് സർക്കാരിന്റെ വിവിധ വകുപ്പുകളായിരുന്നു കൈകാര്യം ചെയ്തിരുന്നത്. സർക്കാർ വകുപ്പുകളിൽ നിന്നും കൈമാറ്റം ചെയ്തുകിട്ടിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പെൻഷണർമാരുടെ വിശദമായ വിവരവ്യൂഹം (Data Base) തയ്യാറാക്കുന്നതിനു ഐ.കെ.എം. വളരെ ശ്രമകരമായ പ്രവർത്തനമാണ് നടത്തിയത്. തുടർന്ന് ആറ്റിങ്ങൾ, നോർത്ത് പറവൂർ എന്നീ മുനിസിപ്പാലിറ്റികളിലും, തിരുവനന്തപുരം, കോഴിക്കോട് എന്നീ കോർപ്പറേഷനുകളിലും

പെൻഷണർമാരുടെ സമ്പൂർണ്ണവിവരങ്ങൾ ശേഖരിക്കുന്നതിനായി വ്യത്യസ്ത മാർഗ്ഗങ്ങളിലൂടെ അദാലത്തുകൾ നടത്തിക്കൊ്, ഐ.കെ.എം വിവരശേഖരണപ്രക്രിയയുടെ പുതിയ മാതൃക സൃഷ്ടിക്കുകയുായി. ആറ്റിങ്ങൽ മുനിസിപ്പാലിറ്റി യിൽ കുടുംബശ്രീ/അയൽക്കൂട്ടം പ്രവർത്തകരും ഐ.കെ.എം വോളന്റിയേഴ്സും സംയുക്തമായി പെൻഷണർമാരുടെ വീടുകളിൽ സന്ദർശനം നടത്തി, നേരിട്ടു വിവരങ്ങൾ ശേഖരിക്കുകയും, പെൻഷണർമാരുടെ ഫോട്ടോകൾ എടുക്കുകയും ചെയ്തുകൊാണ് ഐഡന്റിറ്റി കാർഡുകൾ നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയത്. തിരുവനന്തപുരം കോർപ്പറേഷനിലാകട്ടെ, ഉദ്യോഗസ്ഥന്മാരുടേയും ജനപ്രതിനിധികളുടേയും നേതൃത്വത്തിൽ വാർഡുകൾ കേന്ദ്രീകരിച്ച് അദാലത്തുകൾ നടത്തി പെൻഷണർമാർക്ക് സേവനപെൻഷൻ ആപ്ലിക്കേഷനിലുടെ ഫോട്ടോ ഐഡന്റിറ്റി കാർഡുകൾ വിതരണം നടത്തുകയുമുായി. എറണാകുളം ജില്ലയിലെ പറവൂർ മുനിസിപ്പാലിറ്റിയിൽ മറൊരു രീതിയാണ് വിവരശേഖരണത്തിന് പരീക്ഷിച്ചത്. പെൻഷണർമാർക്കായി, വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം ഉപയോഗിച്ച് മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും രോഗപരിശോധനയും രോഗനിർണ്ണയവും നടത്തി, മരുന്നു വിതരണം ചെയ്യുകയും, സൗജന്യചികിത്സയ്ക്ക് സേവന ആപ്ലിക്കേഷനിലൂടെ തത്സമയമെടുത്ത ഫോട്ടോ പതിച്ച മെഡിക്കൽ/ഐഡന്റിറ്റി കാർഡുകൾ നൽകുകയും, നേത്രരോഗികൾക്ക് കണ്ണട വിതരണം നടത്തുകയും ചെയ്തുകൊാണ് വിവരശേഖരണപ്രക്രിയ നടത്തിയത്. കോഴിക്കോട് കോർപ്പറേഷനിൽ അദാലത്തുകൾ സംഘടിപ്പിച്ച്, പെൻഷണർമാരിൽ നിന്നും വിവരങ്ങൾ ശേഖരിക്കുവാൻ നടത്തിയ പരിശ്രമങ്ങൾ ഏറെവിജയകമായിരുന്നു. ഈ പ്രവർത്തനങ്ങളിലൂടെ പെൻഷണർമാരുടെ വിശദമായ വിവരങ്ങൾ ലഭ്യമായതോടൊപ്പം പല അപാകതകൾ കത്തുന്നതിനും പരിഹരിക്കുന്നതിനും സാധിച്ചിട്ട്. ഇത്തരത്തിൽ അദാലത്തുകളും മറ്റും നടത്തി കുറ്റമറ്റ രീതിയിൽ പെൻഷണർമാരുടെ ഒരു വിവരവ്യൂഹം തയ്യാറാക്കുന്നതിനു സാധിച്ചാൽ സാമൂഹ്യസുരക്ഷാപെൻഷൻ പൂർണ്ണമായും അർഹരായവരുടെ കൈകളിലെത്തിക്കുന്നതിനും, അതിലൂടെ അനർഹരെ ഒഴിവാക്കുന്നതിനും പൊതു ഖജനാവിനെ സംരക്ഷിക്കുന്നതിനും തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾക്കു കഴിയുമെന്ന കാര്യത്തിൽ തർക്കമില്ല.

സേവന (പെൻഷൻ) സോഫ്റ്റ്വെയറിന്റെ സഹായത്തോടെ തയ്യാറാക്കപ്പെടുന്ന വിവധ തരം റിപ്പോർട്ടുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു മാത്രമല്ല, കേന്ദ്ര സർക്കാരിനം, സംസ്ഥാന സാമൂഹ്യക്ഷേമവകുപ്പിനും കൂടി ഉപയോഗ പ്രദമായിട്ടുള്ളതാണ്. പെൻഷൻ വിതരണത്തിനു അലോട്ടുമെന്റുകൾ ലഭിച്ചാൽ തന്നെയും, പെൻഷണറുടെ ലിസ്റ്റും മണിയോർഡർ ഫോറവും എഴുതി തയ്യാറാക്കി ഗുണഭോക്താവിന് ലഭ്യമാക്കുന്നതിന് വളരെയേറെ കാലതാമസം മുൻകാലത്ത് നേരിട്ടിരുന്നത് പരിഹരിക്കപ്പെട്ട തോടൊപ്പം ഉദ്യോഗസ്ഥരുടെ ജോലിഭാരം ലഘൂകരിക്കുന്നതിനും ഇതിലൂടെ കഴിഞ്ഞിട്ട്. കിന്യൂയ്സ് മണിയോർഡർ ഫോറത്തിൽ പ്രിന്റെടുത്തും, അതുപോലെ ഇ-മണിയോഡർ സംവിധാനത്തിലൂടെയും ഗുണഭോക്താക്കൾക്ക് പെൻഷൻ എത്തിക്കുന്നതിന് ഇന്ന് അനായാസം സാധിക്കുന്നു സംസ്ഥാനത്തെ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നീ തദ്ദേശഭരണ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കിയിട്ട് സാമൂഹ്യസുരക്ഷാ പെൻഷൻ സംബന്ധിച്ച എല്ലാ വിവരങ്ങളും www.welfarepension.lsgkerala.gov.in എന്ന വെബ്ബ് സൈറ്റിലൂടെ കറിയാൻ കഴിയും തദ്ദേശഭരണ സ്ഥാപനാടിസ്ഥാനത്തിലും ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും ക്രോഡീകരിച്ച ഓരോ ഇനം പെൻഷനെയും സംബന്ധിച്ച വിവരങ്ങൾ ലഭ്യവുമാണ്. വരും കാലത്തേയ്ക്ക് വിതരണത്തിന് ആവശ്യമായ തുകയും മറ്റ് കണക്കുകളും മാസം, വർഷം എന്നിവ തിരിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ജില്ലാ തല ഉദ്യോഗസ്ഥർക്കും സംസ്ഥാനതലവകുപ്പ് സാധികൃതർക്കും, സർക്കാരിനും ഉപയോഗപ്രദമക്കാൻ കഴിയുന്നതാണ്. സുതാര്യവും, ഫലപ്രദവും, പിഴവറ്റതും, കാലതാമസം ഒഴിവാക്കിക്കൊുള്ളതുമായ പൗരസേവന പ്രക്രിയയാണ് ഒരു ക്ഷേമ രാഷ്ട്രത്തിന്റെ മുഖമുദ്ര. ഐ.കെ.എം നടത്തുന്ന പ്രവർത്തനങ്ങൾ, പൊതുജനങ്ങളുമായി ഏറ്റവും കൂടുതൽ ബന്ധപ്പെട്ടുനിൽകുന്ന വികേന്ദ്രീകൃത ഭരണ കേന്ദ്രങ്ങളായ തദ്ദേശഭരണസ്ഥാപനങ്ങളുടെ സേവന പ്രക്രിയകളെ ആധുനീകരിക്കുന്നുവെന്നു മാത്രമല്ല, മേൽപ്പറഞ്ഞ ക്ഷേമരാഷ്ട്രസങ്കൽപ്പത്തെ ബലപ്പെടുത്തുകയും ചെയ്യുന്നുവെന്ന് അടിവരയിട്ടു പറയാം.

## വിവരങ്ങളിൽ സുതാര്യത...
## സാമൂഹ്യ സുരക്ഷാ പെൻഷൻ വിവരങ്ങൾ ഓൺലൈനിൽ...




- ✱ കർഷകതൊഴിലാളി പെൻഷൻ
- ✱ ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ
- ✱ ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പെൻഷൻ
- ✱ 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ
- ✱ വിധവാ പെൻഷൻ

**പോസ്റ്റ് ഓഫീസുകളിൽ നിന്നും ഇലക്ട്രോണിക് മണിഓർഡർ സൗകര്യം...**




# സഞ്ചയ

- കെട്ടിടനികുതി
- തൊഴിൽനികുതി
- ലൈസൻസുകൾ
- പരസ്യനികുതി
- ഭൂമിയിലും കെട്ടിടത്തിലുമുള്ള വാടക
- യൂട്ടിലിറ്റി സർവ്വീസുകൾ
- ഇ–പേമെന്റ് സൗകര്യം

എന്നിവ കൈകാര്യം ചെയ്യുന്നതിനായി
ഇൻഫർമേഷൻ കേരളാ മിഷൻ വികസിപ്പിച്ച
സോഫ്റ്റ്‌വെയർ ആപ്ലിക്കേഷൻ

Printed and published by the Executive Chairman and Director, Information Kerala Mission, Thiruvananthapuram